# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടമക്കുടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.10)1716/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 14/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടമക്കുടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.10)1716/2023 തീയ്യതി: 14/12/2023

## എറണാകുളം ജില്ലയിലെ കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ബിന്ദു എസ്. നായർ | ഡെപ്യൂട്ടി ഡയറക്ടർ | 06-11-2023 | 14-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-11-2023 | 14-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അജിമോൻ പി.പി., ഓഡിറ്റ് ഓഫീസർ

ശ്രീ.ജോസഫ് ജോർജ്ജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.വിജു എം.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.അനീഷ് ടി.എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മേരി വിൻസെന്റ് എൻ.ജി. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.എൻ.എം.ശോഭനകുമാരി | സെക്രട്ടറി | 01-04-2022 | 06-10-2022 |
| ശ്രീ.നവീൻ രാജൻ | സെക്രട്ടറി | 07-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എൻ.എം.ജോസ് ഷിനോയ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 06-11-2022 |
| ശ്രീമതി.സുബിത നായർ സി. | അസിസ്റ്റന്റ് സെക്രട്ടറി | 07-11-2022 | 31-03-2023 |
| ഡോ.രശ്മി വി.എൻ | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2022 | 14-06-2022 |
| ഡോ.മോണിഷ | മെഡിക്കൽ ഓഫീസർ - ആയുർവേദം | 15-06-2022 | 30-06-2022 |
| ഡോ.ദിവ്യ യശോധരൻ | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-07-2022 | 31-03-2023 |
| ശ്രീമതി.സ്മിത കെ.ബി. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഐശ്വര്യ ബി.സിങ്ങ് | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.ജിം | വെറ്റിനറി സർജൻ | 01-04-2022 | 22-08-2022 |
| ഡോ.സുജ ജോൺ എം. | വെറ്റിനറി സർജൻ | 23-08-2022 | 31-03-2023 |
| ഡോ.മനോജ് അഗസ്റ്റിൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ശ്രീമതി.ആഷ ബെറ്റ്സി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.മനോജ്.ടി.ആർ | വി.ഇ.ഒ.കടമക്കുടി | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.മനോജ്.ടി.ആർ | വി.ഇ.ഒ.കോതാട് ഇൻ ചാർജ്ജ് | 01-04-2022 | 15-07-2022 |
| ശ്രീ.സജി കെ. | വി.ഇ.ഒ.കോതാട് | 16-07-2022 | 31-03-2023 |
| ശ്രീമതി.ശ്യാമ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.അതുൽ ബി.എം. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | നിക്ഷേപമിനത്തിലുള്ള ബാധ്യത – വിശദ വിവരങ്ങൾ ലഭ്യമല്ല. | 1-1-1 |
| 3 | മറ്റ് മുൻകൂറുകൾ - വിശദ വിവരങ്ങൾ ലഭ്യമല്ല. | 1-1-2 |
| 4 | പൊതുടാപ്പുകളുടെ വെള്ളക്കര കുടിശിക – വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല. | 1-1-3 |
| 5 | നിക്ഷേപ പ്രവൃത്തി - തുക ആസ്തികണക്കിൽ ഉൾപ്പെടുത്തിയില്ല. | 1-1-4 |
| 6 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ധനകാര്യ പത്രികയിൽ തൻവർഷത്തെ ടെണ്ടർ ഫോറവില കിട്ടാനുള്ളത് രേഖപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | പ്രദർശന നികുതി വരവ് എ.എഫ്.സ്. കണക്കും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല. | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | തനത് വരുമാനം അവലോകനം | 1-11 |
| 21 | വസ്തുനികുതി ഒഴിവാക്കി നൽകി | 1-12 |
| 22 | ലൈസൻസ് പുതുക്കിയില്ല | 1-13 |
| 23 | കരാറുകാരുടെ തൊഴിൽ നികുതി | 1-14 |
| 24 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല | 1-15 |
| 25 | ലേലം അപാകതകൾ | 1-16 |
| 26 | ഇലക്ഷൻ ഡെപ്പോസിറ്റ് - തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല. | 1-17 |
| 27 | ലൈഫ് മിഷൻ വായ്പ – ഇല്ലാത്ത ബാധ്യത - ഉത്തരവത്തിൽ കുറവ് ചെയ്തത് - | 1-18 |

| | | |
|---|---|---|
| | ഗ്രാന്റിനത്തിൽ 10.32 ലക്ഷം രൂപ നഷ്ടം. | |
| 28 | ക്രമീകരിക്കപ്പെടാത്ത 43.08 ലക്ഷം രൂപയുടെ നിക്ഷേപ പ്രവൃത്തികൾ | 1-19 |
| 29 | വിവിധ ശീർഷകങ്ങളിൽ മുന്നിരുപ്പുള്ള തുകകൾ വിനിയോഗിക്കപ്പെടാതെ തുടരുന്നു. | 1-20 |
| 30 | ഇ-ടെണ്ടർ ഫീസ് -പഞ്ചായത്ത് ഫണ്ടിലേയ്ക്ക് യഥാസമയം ട്രാൻസ്ഫർ ചെയ്യുന്നില്ല -പലിശയിനത്തിൽ വരുമാനനഷ്ടം. | 1-21 |
| 31 | വെള്ളക്കരം കുടിശ്ശിക തീർപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല | 1-22 |
| 32 | ഗ്രാമസഭ യോഗങ്ങൾ | 1-23 |
| 33 | വാഹന പരിപാലനം-സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-24 |
| 34 | ദുരിതാശ്വാസ നിധി - ചട്ടപ്രകാരം വിനിയോഗിക്കുന്നില്ല. | 1-25 |
| 35 | കുറ്റിക്കുരുമുളക് - വാങ്ങിയതിലെ അപാകം | 1-26 |
| 36 | എച്ച്.ഡി.പി.ഇ പോട്ട് വിതരണം- ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല | 1-27 |
| 37 | സർക്കാർ അംഗീകാരമില്ലാത്ത പ്രോജക്ട് നിർവ്വഹണം - മറ്റ് അപാകതകൾ | 1-28 |
| 38 | തെരുവു വിളക്ക് പരിപാലനം - അപാകതകൾ | 1-29 |
| 39 | സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം - ഒന്നാം ഘട്ടപ്രവർത്തനങ്ങൾ പൂർത്തീകരിച്ചില്ല. | 1-30 |
| 40 | വാതിൽപടി സേവനം - നിർവ്വഹണത്തിലെ അപാകതകൾ | 1-31 |
| 41 | ഹോമിയോ ഡിസ്പെൻസറി മരുന്ന് ലഭ്യമായിട്ടില്ല. | 1-32 |
| 42 | അംഗീകൃത ബില്ലില്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി നല്കി | 1-33 |
| 43 | ക്രിമറ്റോറിയം നിർമ്മാണം -സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല | 1-34 |
| 44 | കോക്ലിയാർ ഇംപ്ലാന്റ് മെയിന്റനൻസ് - വിനിയോഗവിവരം ലഭ്യമല്ല. | 1-35 |
| 45 | നിക്ഷേപ പ്രവൃത്തികൾ- പൂർത്തീകരിച്ചിട്ടില്ല. | 1-36 |
| 46 | മുൻകൂർ നല്കിയിട്ടും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-37 |
| 47 | ടെണ്ടർ നടപടികൾ മുഖേനയല്ലാതെ പ്രവൃത്തി നിർവ്വഹിച്ചു | 1-38 |
| 48 | ഓഡിറ്റ് ഇംപാക്ട് -തുക ഈടാക്കി | 1-39 |
| 49 | മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ തുടരുന്നു. | 1-40 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27.07.2023 ലെ 1/1-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2023-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2.C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കാക്കനാട്
തീയതി: 14.12.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 നിക്ഷേപമിനത്തിലുള്ള ബാധ്യത – വിശദ വിവരങ്ങൾ ലഭ്യമല്ല.

വാർഷിക ധനകാര്യ പത്രികയുടെ B.7 ഷെഡ്യൂൾ പ്രകാരം, ₹12,26,336/- ഗ്രാമപഞ്ചായത്തിന് നിക്ഷേപം ഇനത്തിൽ ബാധ്യത ഉണ്ട്. ഗ്രാമ പഞ്ചായത്തിൽ നിക്ഷേപ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ നിക്ഷേപങ്ങളുടെ കൂടുതൽ വിവരങ്ങൾ ലഭ്യമല്ല.

### 1-1-2 മറ്റ് മുൻകൂറുകൾ - വിശദ വിവരങ്ങൾ ലഭ്യമല്ല.

വാർഷിക ധനകാര്യ പത്രികയിലെ B-18 ഷെഡ്യൂൾ പ്രകാരം 460100199 Other Advances എന്ന ശീർഷകത്തിൽ ₹1,79,546/- ക്രമീകരിക്കുവാൻ ബാക്കിയുള്ളതായി കാണുന്നുണ്ട്. ഈ തുകയുടെ വിശദവിവരം ലഭ്യമല്ല.

### 1-1-3 പൊതുടാപ്പുകളുടെ വെള്ളക്കര കുടിശിക – വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല.

ഗ്രാമപഞ്ചായത്തിന് 2023 ഫെബ്രുവരിമാസം വരെ താഴെ ചേർക്കും പ്രകാരം 4.18 കോടി രൂപ വെള്ളക്കരമിനത്തിൽ കുടിശ്ശികയുണ്ട്.

| ഡിമാന്റ് നമ്പർ.72361/10.03.2023 | |
|---|---|
| മുന്നിരുപ്പ് | ₹4,10,13,193 |
| പിഴപലിശ | ₹8,04,491 |
| തൻമാസ ചാർജ്ജ് | ₹18,199 |
| ആകെ | ₹4,18,35,883 |

ഈ തുക വാർഷിക ധനകാര്യ പത്രികയിലെ ആസ്തി ബാധ്യത കണക്കിൽ ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-4 നിക്ഷേപ പ്രവൃത്തി - തുക ആസ്തികണക്കിൽ ഉൾപ്പെടുത്തിയില്ല.

കടമക്കുടി കുടിവെള്ള ശൃംഖല നവീകരണം (എസ്.0013/23) പ്രോജക്റ്റിനായി ജല അതോറിറ്റിയിൽ അടവാക്കിയ 6 ലക്ഷം രൂപ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല.

### 1-1-5 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയർ സ്റ്റേറ്റ്മെന്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-6 ധനകാര്യ പത്രികയിൽ തൻവർഷത്തെ ടെണ്ടർ ഫോറവില കിട്ടാനുള്ളത് രേഖപ്പെടുത്തിയിട്ടില്ല

മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുകകൾ സ്വീകരിക്കുന്നതിനായി മുടക്കുഴ ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി. വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ.യിൽ ആരംഭിച്ചിട്ടുള്ള കറണ്ട് അക്കൗണ്ടിൽ (നം. 37180599557) 31.03.2023 ൽ ₹74,821/- നീക്കിയിരിപ്പുണ്ട്. ഈ തുക ആസ്തി ബാദ്ധ്യത കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-7 പ്രദർശന നികുതി വരവ് എ.എഫ്.സ്. കണക്കും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ആർ.പി. 1 ഷെഡ്യൂളിലെ ഷോ ടാക്സ് കളക്ഷൻ തുക ₹76000/- ആണ് എന്നാൽ രജിസ്റ്റർ പ്രകാരം ഇത് ₹31000/- മാത്രമാണ്.

### 1-1-8 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിങ്ങ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-9 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase / Decrease In Cash And Cash Equivallent" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹79,73,638/- ആണ്. എന്നാൽ ഇതേ പത്രികയിലെ 2022-23 കാലയളവിലെ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹18,75,356/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ടു തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള കരട് ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 23.03.2022 ലെ 2/2 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് 25.03.2022 ലെ 1 /1-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്.

ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 27.02.2023 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്ത് അംഗീകരിച്ചത് പഞ്ചായത്ത് കമ്മിറ്റി 02.03.2023 ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 1/1 തീയതി 25.03.2022) | | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 1/1 തീയതി 02.03.2023) |
|---|---|---|
| മുന്നിരുപ്പ് | ₹75,24,672 | ₹75,24,672 |

| | | |
|---|---|---|
| വരവ് | ₹13,97,34,254 | ₹16,89,08,431 |
| ചെലവ് | ₹14,53,40,894 | ₹17,40,05,659 |
| നീക്കിയിരുപ്പ് | ₹19,18,032 | ₹24,27,444 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹1,21,81,079.15 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹3,54,04,231.00 |
| ആകെ | : | ₹4,75,85,310.15 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹3,35,28,875.00 |
| നീക്കിയിരുപ്പ് | : | ₹1,40,56,435.15 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൌണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ , | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരുപ്പ് തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | ₹1,16,57,000 | ₹1,16,57,000 | ₹1,09,53,315 | ₹7,03,685 | - |
| വികസന ഫണ്ട് (എസ്.സി.പി) | - | ₹29,07,000 | ₹29,07,000 | ₹29,07,000 | - | - |
| വികസന ഫണ്ട് (ടി.എസ്.പി) | - | - | - | - | - | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | ₹41,74,000 | ₹41,74,000 | ₹18,54,770 | ₹23,19,230 | - |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | - | ₹45,70,000 | ₹45,70,000 | ₹33,55,620 | ₹12,14,380 | - |
| ധനകാര്യ കമ്മീഷൻ അവാർഡ് (Basic Grant) Bank | ₹12,51,079 | ₹20,27,000 +1,42,034 ₹2169034 | ₹34,20,113 | ₹19,72,593 | - | ₹14,47,520 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Basic Grant) Tresury | - | ₹19,25,591 | ₹19,25,591 | ₹14,39,111 | ₹4,86,480 | - |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) Bank | ₹26,18,478 | ₹30,40,000 | ₹56,58,478 | ₹36,69,362 | - | ₹19,89,116 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) Treasury | - | ₹11,70,796 | ₹11,70,796 | ₹1,56,663 | ₹10,14,133 | - |
| 320100108 ബേസിക് സർവ്വീസ് ടു അർബൻ പുവർ | ₹14,61,326.60 | ₹41,526 | ₹15,02,852.60 | - | - | ₹15,02,852.60 |
| 320100160 റൂറൽ ഹൌസിങ്ങ് | 0 | ₹15,12,143 | ₹15,12,143 | ₹1,50,000 | - | ₹13,62,143 |
| 320100191 നിർമൽ പുരസ്കാരം | ₹5,00,367 | 0 | ₹5,00,367 | 0 | - | ₹5,00,367 |
| 320100195 എപിഡെമിക് കൺട്രോൾ ഗ്രാന്റ് | ₹76,440 | ₹4,344 | ₹80,784 | ₹2,172 | - | ₹78,612 |
| 320100196 ഐ.സി.ഡി.എസ്. | ₹3,48,646 | ₹14,04,974 | ₹17,53,620 | ₹8,66,024 | - | ₹8,87,596 |
| 320100197 ലിറ്ററസി ഗ്രാന്റ് | ₹35,317 | ₹1,426 | ₹36,743 | - | - | ₹36,743 |
| 320100198 ശുചിത്വ മിഷൻ | ₹5,23,577 | - | ₹5,23,577 | - | - | ₹5,23,577 |
| 320100200 ജില്ലാതല ബെസ്റ്റ് പഞ്ചായത്ത് അവാർഡ് | ₹2,00,000 | - | ₹2,00,000 | - | - | ₹2,00,000 |
| 320100202 ഹെൽത്ത് ഗ്രാന്റ് - ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | - | ₹2,80,478 | ₹2,80,478 | ₹2,78,027 | - | ₹2,451 |
| 320100204 ഹെൽത്ത് ഗ്രാന്റ് - വെൽനെസ് സെന്റർ | - | ₹1,29,049 | ₹1,29,049 | ₹127949 | - | ₹1,100 |
| 320200399 മറ്റ് ആവശ്യ ങ്ങൾക്കുള്ള പ്രത്യേക ഫണ്ട് | ₹2,16,778 | ₹22,154 | ₹2,38,932 | ₹15,993 | | ₹2,22,939 |
| 320300199 അദർ ഗവ. ഏജൻസീസ് | ₹10,669 | - | ₹10,669 | - | - | ₹10,669 |
| 320400199 അദർ ഫിനാൻഷ്യൽ സ്ഥാപനങ്ങൾ | ₹5,22,465 | ₹19,425 | ₹5,41,890 | ₹2,37,050 | - | ₹3,04,840 |
| 320500101 വെൽഫെയർ ബോഡീസ് ക്യാപിറ്റൽ | ₹18,45,424 | - | ₹18,45,424 | - | - | ₹18,45,424 |
| 320800199 സ്പെസിഫിക് പർപ്പസ് ക്യാപിറ്റൽ | ₹5,62,805.25 | ₹25,993 | ₹5,88,798.25 | ₹10,000 | - | ₹578798.25 |

*കുറിപ്പ്:*

- *വികസന ഫണ്ട് ജനറൽ വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹12,22,793/- ഉൾപ്പെടുന്നുണ്ട്.*
- *വികസന ഫണ്ട് എസ്.സി.പി. വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹6,41,688/- ഉൾപ്പെടുന്നുണ്ട്.*
- *സി.എഫ്.സി. ബേസിക് ടാക്സ് ഗ്രാന്റ് ചെലവ്, ₹ 14,37,887/- റവന്യൂ ചെലവും ₹5,34,706/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.*
- *സി.എഫ്.സി. ടൈഡ് ഗ്രാന്റ് ചെലവ്, ₹15,70,559/- റവന്യൂ ചെലവും ₹20,98,803/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.*

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ(₹) | പദ്ധതി ചെലവ്(₹) | പൂർണ്ണമായി നടപ്പാക്കിയത്. എണ്ണം | ഭാഗികമായി നടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ. എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 165 | 8,08,65,977 | 3,84,80,162 | 94 | 35 | 36 | 56.97 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | ₹32 | ₹2,93,874 | ₹2,93,906 | ₹2,93,865 | ₹41 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | - | ₹2,47,12,135 | ₹2,47,12,135 | ₹2,47,12,135 | - |
| ആകെ | ₹32 | ₹2,50,06,009 | ₹2,50,06,041 | ₹2,50,06,000 | ₹41 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | ₹42,76,800 | 325 |
| വിധവാപെൻഷൻ | ₹66,81,200 | 518 |
| വാർദ്ധക്യകാല പെൻഷൻ | ₹1,72,16,400 | 1509 |
| വികലാംഗപെൻഷൻ | ₹23,82,000 | 194 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹6,22,800 | 51 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | ₹1,50,000 | 5 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.11.2023 തീയതിയിൽ ഉച്ചയ്ക്ക് 3.30 സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹6,861/- ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പദ്ധതി മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല : വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതികൾ

വിലയിരുത്തുന്നില്ല. വർക്കിങ് ഗ്രൂപ്പുകൾ ആണ് പ്രോജക്റ്റിന്റെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിങ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ ഒന്നിലും തന്നെ മോണിറ്ററിങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. മരാമത്ത് വേലകളുടെ ഫയലുകളിൽ മോണിറ്ററിങ് റിപ്പോർട്ട് എഴുതി വച്ചിട്ടുണ്ടെങ്കിലും സമിതിയുടെ ചെയർമാൻ, കൺവീനർ, മറ്റ് അംഗങ്ങൾ എന്നിവർ ഒപ്പുവച്ചിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിന്റെ വിജയം ശക്തവും കാര്യക്ഷമവുമായ മോണിറ്ററിങ്ങിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണിറ്ററിങ് സമിതികൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

പ്രത്യേകാവശ്യങ്ങൾക്ക് ലഭിച്ച ഫണ്ടുകൾ വിനിയോഗിക്കുന്നില്ല : ഗ്രാമപഞ്ചായത്തിന് മുൻകാലങ്ങളിൽ ലഭിച്ചിട്ടുള്ള വിവിധ തുകകൾ ഗ്രാമപഞ്ചായത്തിന്റെ ബാദ്ധ്യതയായി ബി.4 ഷെഡ്യൂളിൽ ശേഷിക്കുന്നുണ്ട്. പതിനൊന്ന് ശീർഷകങ്ങളിലായി ₹54,99,981/- ബാക്കിയുണ്ട്. ഈ തുകകൾ ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് വിനിയോഗിക്കുകയോ, തിരികെ നൽകുകയോ ചെയ്യണം.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.05.2022 | 1.01.2022മുതൽ 30.04.2022 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.02.2020 | 2014-15 മുതൽ 2018-19 വരെ | 12.05.2020 |

## 1-11 തനത് വരുമാനം അവലോകനം

ആറാമത് ധനകാര്യ കമ്മീഷന്റെ രണ്ടാമത് നിർദ്ദേശ പ്രകാരം കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാന അവലോകനത്തിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, ലൈസൻസ്,വാടക, വസ്തുനികുതി, ലേലം, ഷോ ടാക്സ് എന്നിവയിലെ ഡിമാൻഡ്/കളക്ഷൻ എന്നിവ പരിശോധിച്ച് നികുതി /നികുതിയേതര വരവുകളുടെ വർദ്ധനവിനുതകുന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലും പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

കെട്ടിട നികുതി

ഗ്രാമപഞ്ചായത്ത് പരിധിയിൽ തുറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ഫീൽഡ് പരിശോധന നടത്തി കണ്ടെത്തേണ്ടതാണ്.2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും മേഖല അടിസ്ഥാനത്തിലുള്ള വർദ്ധനവുകൾ ഒഴിവായിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 ഉപചട്ടം (1) ൽ പ്രകാരം ഗ്രാമപഞ്ചായത്ത് പൊതുവായി ഏർപ്പെടുത്തിയിട്ടുള്ളതുമായ സേവനങ്ങൾക്ക് അധികമായ് ഏതെങ്കിലും കെട്ടിടത്തിന് വേണ്ടി പ്രത്യേകമായി സേവനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ടി ചെലവിന് ആനുപാതികമായി ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ കെട്ടിടത്തിന്റെ ഉടമസ്ഥനിൽ നിന്ന് ഫീസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

തൊഴിൽ നികുതി

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾപ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, അക്ഷയ കേന്ദ്രങ്ങൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിക്കേണ്ടതും തൊഴിൽ നികുതി വരുമാന ചോർച്ച ഇല്ലെന്ന്

ഉറപ്പ് വരുത്തേണ്ടതുമാണ്.

FTEA&OS ലൈസൻസ്

ഗ്രാമ പഞ്ചായത്തിൽ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും ഫീൽഡ് പരിശോധന നടത്തി ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും, മൂലധന നിക്ഷേപത്തിനനുസൃതമായി ഫീസ് ഈടാക്കേണ്ടതുമാണ്.

റെഗുലറൈസേഷൻ ഫീസ്

2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയതിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫോറത്തിൽ നിരവധി അപേക്ഷകൾ ലഭിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിൽ അനധികൃതനിർമ്മാണങ്ങൾ ധാരാളം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഫീൽഡ് പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ബിൽഡിംഗ് റെഗുലറൈസേഷൻ ഫീസ്, വസ്തു നികുതി എന്നീ വരവിനങ്ങളുടെ ചോർച്ച തടയാൻ ശ്രദ്ധിക്കേണ്ടതാണ്.

ബണ്ട് ലേലം/മറ്റ് വരവുകൾ

ഈ ഇനങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനത്തിൽ കുറവു വരാതെ ശ്രദ്ധിക്കേണ്ടതും, വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന സത്വരനടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾ, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ ഇവ നടത്തുന്നതിനു പ്രധാനമായും ആശ്രയിക്കുന്നത് തനത് വരുമാനത്തെയാണ്. വസ്തു നികുതി വരുമാനം ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചും ഫീൽഡ് പരിശോധന നടത്തിയും ലൈസൻസ് ഫീസ്, തൊഴിൽ നികുതി, മറ്റ് വരുമാനങ്ങൾ ഇവയിൽ നിന്നു പഞ്ചായത്തിന് ലഭിക്കുന്ന വരുമാനം തീരെ കുറവായതിനാൽ മുഴുവൻ വാണിജ്യ സ്ഥാപനങ്ങൾക്കും ലൈസൻസ് ലഭ്യമാക്കുന്നതിനും തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിനും കൂടുതൽ ഭാവനാപൂർണ്ണമായ നടപടികൾ സ്വീകരിക്കേണ്ടതും പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതും വർദ്ധിച്ച് വരുന്ന ചെലവും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ (കൈ) നം.84/22/ തസ്വഭവ തീയതി 19/04/2022 യിലെ ഖണ്ഡിക 5.1ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-12 വസ്തുനികുതി ഒഴിവാക്കി നൽകി

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 207-ൽ വസ്തുനികുതി ഒഴിവാക്കി നൽകാവുന്ന കെട്ടിടങ്ങളെകുറിച്ച് പരാമർശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ സഞ്ചയ ഫോം.6 പ്രകാരം തോമസ് മകൻ തോമസ് വർഗ്ഗീസ് എം-ന്റെ ഉടമസ്ഥതയിലുള്ളതും മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്, മറ്റ് വിലയേറിയ വസ്തുക്കൾ എന്നിവ ഉപയോഗിച്ച് തറ നിർമ്മിതി നടത്തിയിട്ടുള്ളതുമായ 124 ച.മീ വിസ്തീർണ്ണമുള്ള റിസോർട്ടിന്റെ ഭാഗമായ കെട്ടിടം (നം.07/07) ജനറേറ്റർ റൂം എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി ഒഴിവാക്കി നൽകിയതായി കാണുന്നു. വിലയേറിയ വസ്തുക്കൾകൊണ്ട് തറ നിർമ്മിതി നടത്തിയിട്ടുള്ളതും 124.ച.മീ വിസ്തീർണ്ണമുള്ളതുമായ ടി കെട്ടിടം ജനറേറ്റർ റൂം ആയിത്തന്നെയാണോ ഉപയോഗിക്കുന്നതെന്നുള്ള വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.14/8.11.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ടി കെട്ടിടത്തിന്റെ ഉപയോഗക്രമം സംബന്ധിച്ച് ഫീൽഡ്തല പരിശോധന നടത്തി റിസോർട്ടായാണ് ഉപയോഗിക്കുന്നതെങ്കിൽ ച.മി ക്ക് ₹90/- നിരക്കിൽ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-13 ലൈസൻസ് പുതുക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ മുൻവർഷങ്ങളിൽ പ്രവർത്തിക്കുന്ന താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2022-23 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കുന്നതിനായി ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിച്ച് ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.33/9.11.2023 ന് നൽകിയതിനുള്ള മറുപടിയിൽ ബെൻസ് ഹോം സ്റ്റേ ഒഴികെ മറ്റുള്ളവ പ്രവർത്തനം നിർത്തിയതായി അറിയിച്ചു. ആയതിനാൽ ബെൻസ് ഹോം സ്റ്റേയുടെ ലൈസൻസ് പുതുക്കി നൽകി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം |
|---|---|---|

| | | |
|---|---|---|
| 1 | ബെൻസ് ഹോം സ്റ്റേ | 7/75 |
| 2 | ക്യാപ്പിറ്റൽ അസോസിയേറ്റ്സ് | 6/160c |
| 3 | ഹൈടെക്ക് കമ്യൂണിക്കേഷൻസ് | 2/109 |
| 4 | പൗർണ്ണമി കാറ്ററിംഗ്സ് | 2/187 |
| 5 | ക്യൂൻ മി | 8/403 |

## 1-14 കരാറുകാരുടെ തൊഴിൽ നികുതി

2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന താഴെ ചേർക്കുന്ന കരാറുകാരിൽ (എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം) നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 39/13.11.2023 നൽകിയതിനുള്ള മറുപടിയിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. ആയതിനാൽ പഞ്ചായത്ത് മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | കരാറുകാരന്റെ പേര് |
|---|---|
| 1 | പി വി ജോസഫ് |
| 2 | സുനിൽ ബാബു |
| 3 | ജ്യൂഡ് കെ വി |
| 4 | പോൾ കെ എ |
| 5 | സന്ദീപ് എ എസ് |
| 6 | ഡെയ്സി ജോസ് |

## 1-15 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. എന്നാൽ, ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തീക വർഷത്തിൽ മേൽപ്രകാരം തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.13/08.11.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം | ജീവനക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | പറവൂർ ഡ്രഗ്സ് ഹൗസ് | 6/325 | 05 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 2 | പ്രോംറ്റ് സ്റ്റേയിൽസ് സർവീസ് | 10/91 | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 3 | ജെ.എസ് ഹാർവെയർ | 6/327 | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 4 | റിജാസ് ഗാർമെന്റ്സ് | 5/25/a | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 5 | നീലാംബരി ഫോട്ടോസ്റ്റാറ്റ് | 8/123/a | 03 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 6 | ദ വൈറ്റ് ഓർക്കിഡ് | 6/238/a | 05 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 7 | മാളിയേക്കൽ കാറ്ററിംഗ് | 8/350 | 03 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 8 | കടമക്കുടി ഫുഡ് സ്ട്രീറ്റ്/ | 10/266 | 05 | ആദ്യപകുതിയും രണ്ടാംപകുതിയും |

## 1-16 ലേലം അപാകതകൾ

ഗ്രാമപഞ്ചായത്തിലെ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ച വകയിൽ തൻവർഷം ₹7450 താഴെപ്പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ക്രമ.നം | ചെലവഴിച്ച തുക (₹) | വൗച്ചർ നം, തീയതി | തുക നൽകിയ വ്യക്തിയുടെ പേര് |
|---|---|---|---|
| 1 | 1500 | 55/18.7.22 | ഷാജി |
| 2 | 2950 | 49/10.2.23 | ഡൈനേഷ്യസ് |

| | | | |
|---|---|---|---|
| 2 | 1500 | 35/10.6.23 | അഗസ്റ്റിൻ |
| 2 | 1500 | 67/21.1.23 | ഷിജോ ജോസ് |

ലേല രജിസ്റ്റർ പരിശോധിച്ചതിൽ വെട്ടി മാറ്റിയ മരങ്ങളും വിറകുകളും ലേലം ചെയ്തതായി കാണുന്നില്ല. വെട്ടി മാറ്റിയ മരങ്ങളും വിറകുകളും എപ്രകാരം കൈയൊഴിച്ചു എന്നറിയിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.26/8.11.2023 നൽകിയതിനുള്ള മറുപടിയിൽ പാഴ്മരങ്ങൾ അടിയന്തിരമായി വെട്ടിമാറ്റേണ്ടി വന്നതിനാലാണ് ലേലം ചെയ്തു നൽകാൻ സാധിക്കാതിരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. വെട്ടി മാറ്റുന്ന മരങ്ങളും വിറകുകളും ലേലം ചെയ്യാൻ പറ്റുന്നവയെങ്കിൽ ആയതു ലേലം ചെയ്യേണ്ടതും തുക തനതു വരുമാനത്തിലേക്ക് മുതൽ കൂട്ടേണ്ടതുമാണ്.

1-17 ഇലക്ഷൻ ഡെപ്പോസിറ്റ് - തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം ₹34,000/- (കോഡ് 340100303: ഹെഡ് Election Deposit) ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ അവശേഷിക്കുന്നുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 144(4) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ 1/6 എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്. ഇലക്ഷൻ നിക്ഷേപമിനത്തിൽ ₹34,000/- ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരുപ്പ് ഉണ്ട്. വരണാധികാരിയിൽ നിന്നും ലഭിക്കുന്ന തെരഞ്ഞെടുപ്പ് ഫലത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ നിശ്ചിത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം നാളിതുവരെ തനത് ഫണ്ടിൽ മുതൽകൂട്ടാതിരുന്നതിന്റെ കാരണം വിശദമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.01/06.11.2023) തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഈ തുക തനത് ഫണ്ടിലേക്ക് മുതൽകൂട്ടി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-18 ലൈഫ് മിഷൻ വായ്പ - ഇല്ലാത്ത ബാധ്യത - ഉത്ഭവത്തിൽ കുറവ് ചെയ്തത് -

ഗ്രാന്റിനത്തിൽ 10.32 ലക്ഷം രൂപ നഷ്ടം.

ലൈഫ് ഭവനപദ്ധതിക്കായുള്ള ലോൺ തുകയുടെ മുതൽ ഇനത്തിൽ വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ തുക ബാക്കിയുണ്ടായിരുന്നില്ല (ഹെഡ് 330500201). ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് ഈ പദ്ധതിക്കായി ലോൺ എടുത്തിട്ടുമില്ല. എന്നാൽ ഈയിനത്തിൽ തിരിച്ചടക്കുവാനുള്ള മുതൽ ഇനത്തിൽ വികസനഫണ്ടിൽ നിന്നും ₹10,32,281/- ഉത്ഭത്തിൽ കുറവ് ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക | | | | 0 |
| തൻവർഷത്തെ ലോൺ തുക | | | | 0 |
| തൻവർഷം ആകെ തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക | | | | 0 |
| തിരിച്ചടവ് : ഉൽഭവത്തിൽ കുറവ് ചെയ്ത തുക | | | | |
| ഉത്തരവ് നം | പൊതുവിഭാഗം | എസ്.സി.പി. | ആകെ | |
| സ.ഉ.(സാധ) നം. 6872/2022 /ധന/12.10.22 | ₹1,95,296 | ₹3,20,844 | ₹5,16,140 | ₹10,32,281 |
| സ.ഉ.(സാധ) നം. 1049/2023 /ധന/13.02.23 | ₹1,95,297 | ₹3,20,844 | ₹5,16,141 | |
| ഒട്ടാകെ | | | | |
| ബാധ്യതയിനത്തിൽ ഉൽഭവത്തിൽ കുറവ് ചെയ്തത് | | | | ₹10,32,281 |

വികസനഫണ്ടിൽ നിന്നും ഉത്ഭവത്തിൽ തുക അധികമായി കുറവ് ചെയ്തതിനാൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വികസന ഫണ്ടിൽ 10.32 ലക്ഷം രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. ഈ തുക തിരികെ ത ലഭിക്കുവാൻ ഗ്രാമപഞ്ചായത്ത് നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/06.11.2023) തുടർന്ന് ചേർക്കും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ത.സ്വ.ഭ.വ (ഡി.ബി) വകുപ്പിന്റെ 9.3.2022 ലെ സ.ഉ.(എം.എസ്) 49/2022 -ാം നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്തിലെ 276 ഗുണഭോക്താക്കൾക്ക് ഹഡ്കോ വായ്പ തുക ലഭിക്കുന്നതിന് പഞ്ചായത്തും KURDFC യുമായി 24.7.2023 ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 10.11.2023 ലെ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കത്ത് പ്രകാരം ഒരു ഗുണഭോക്താവിന് ₹2,09,246/- വീതം 52 പേർക്ക് ₹1,08,80,792/- ഹഡ്കോ വായ്പയിനത്തിൽ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്. ഈ വായ്പ തുകയിൽ നിന്നുള്ള തിരിച്ചടവാണ് 22-23 വർഷത്തിൽ കുറവ് ചെയ്തിട്ടുള്ളത്.

10.11.2023 ലെ കത്ത് പ്രകാരം വായ്പ അനുവദിച്ചിട്ടുണ്ടെങ്കിലും ഈ തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല. മാത്രമല്ല 11.11.23 ൽ അനുവദിക്കപ്പെട്ട ലോണിന് തുക സ്ഥാപനം കൈപ്പറ്റാതെ തന്നെ 22-23 വർഷത്തിൽ തിരിച്ചടവ് ആരംഭിച്ചിട്ടുണ്ട്. 22-23 ൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന തുകയിൽ നിന്നും കൂടുതലായി കുറവ് ചെയ്ത ₹10,32,281/- ബാലൻസ് ഷീറ്റിൽ ആസ്തികണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും (ബി.15 ഷെഡ്യൂൾ) തുക തിരികെ ലഭിക്കുന്നതിന് പഞ്ചായത്ത് തീരുമാനം

സഹിതം ബന്ധപ്പെട്ട അധികാരികളോട് ആവശ്യപ്പെട്ടിട്ടില്ല.

ഇല്ലാത്ത ബാധ്യത വികസന ഫണ്ടിൽ നിന്നും കുറവ് ചെയ്തത് നിലവിൽ അനുവദിച്ചിട്ടുള്ള ലോൺ എടുക്കുകയാണെങ്കിൽ അതിന്റെ തിരിച്ചടവായി വകവച്ചു ലഭിക്കുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് കമ്മറ്റിക്ക് ശുപാർശ ചെയ്യുന്നു.

## 1-19 ക്രമീകരിക്കപ്പെടാത്ത 43.08 ലക്ഷം രൂപയുടെ നിക്ഷേപ പ്രവൃത്തികൾ

ഗ്രാമപഞ്ചായത്ത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള ജല അതോറിറ്റി എന്നിവയിൽ നിക്ഷേപിച്ച 43.08 കോടി രൂപ ക്രമീകരിക്കപ്പെട്ടിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് .

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|
| 460500202 | ₹16,07,837 | ₹4,65,773 | 0 | ₹20,73,610 |

നിക്ഷേപ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|
| മുൻവർഷങ്ങളിൽ നൽകിയ തുക* | | | ₹16,07,837 |
| 2022-23 | പോസ്റ്റ് മാറ്റിസ്ഥാപിക്കൽ (എസ്.0022/23) | 306602/13.7.22 | ₹79,089 |
| | | 524405/12.9.22 | ₹17,849 |
| | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (എസ്.0117/23) | 669051/19.10.22 | ₹61,006 |
| | | 98007/27.1.23 | ₹56,050 |
| | | 318156/11.3.23 | ₹42,321 |
| | | 369131/16.3.23 | ₹8,662 |
| | പോസ്റ്റ് മാറ്റിസ്ഥാപിക്കൽ (എസ്.0116/23) | 524407/12.9.22 | ₹53,576 |
| | | 568469/23.9.22 | ₹34,702 |
| | | 98001/27.1.23 | ₹24,342 |
| | | 241108/24.2.23 | ₹4,352 |
| | | 202856/24.2.23 | ₹60,224 |
| | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (എസ്.0023/23) | 669037/19.10.22 | ₹23,600 |
| 2022-23 ആകെ | | | ₹4,65,773 |
| ഒട്ടാകെ | | | ₹20,73,610 |

വാർഷിക ധനകാര്യപത്രിക പ്രകാരം മുൻവർഷങ്ങളിൽ കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ച തുകകളിൽ ഇനിയും പണി പൂർത്തീകരിച്ച് മുൻകൂർ നൽകിയ തുകയിൽ ക്രമീകരിക്കാതെ അവശേഷിക്കുന്ന ₹16,07,837 ഏതെല്ലാം പ്രവൃത്തികൾക്കായി നൽകിയിട്ടുള്ളതാണെന്ന വിവരം രേഖാമൂലം ആവശ്യപ്പെട്ടിട്ടും (എൻക്വയറി നം.8/7.11.23) ലഭ്യമാക്കിയില്ല.

2022-23 സാമ്പത്തിക വർഷത്തിൽ നിക്ഷേപിച്ച ₹56,050 (പ്രോജക്ട് നം. 117/23) രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് സമയത്ത് ലഭിച്ചിട്ടുണ്ട് (DB/VPA/Utilisation/Street Light/2023-24/10.10.23).

ഈ തുക ഒഴിവാക്കിയാൽ ഇനിയും ₹20,17,560/- നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനുണ്ട്.

2) കേരള ജലഅതോറിറ്റി

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|
| 460500201 | ₹14,00,651 | ₹8,90,000* | 0 | ₹22,90,651 |

**ഇതിൽ 6 ലക്ഷം രൂപ ബി.18 ഷെഡ്യൂളിൽ ആസ്തി ആയി ഉൾപ്പെടുത്തിയിട്ടില്ല.*

നിക്ഷേപ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|
| മുൻവർഷങ്ങളിൽ നൽകിയ തുക* | | | ₹14,00,651 |
| 22-23 | 4-ാം വാർഡിൽ കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിക്കൽ (എസ്.0005/23) | XVFC/2022-23 /P/40/ 26.3.2023 | ₹2,90,000 |
| | കടമക്കുടി കുടിവെള്ള ശൃംഖല | 0/29.12.2022 | ₹5,00,000 |

| | | | |
|---|---|---|---|
| | നവീകരണം (എസ്.0013/23) | XVFC/2022-23/ P/23/8.2.23 | ₹1,00,000 |
| | 2022-23 ആകെ | | ₹8,90,000 |
| ഒട്ടാകെ | | | ₹22,90,651 |

വാർഷിക ധനകാര്യപത്രിക പ്രകാരം മുൻവർഷങ്ങളിൽ ജലഅതോറിറ്റിയിൽ നിക്ഷേപിച്ച തുകകളിൽ ഇനിയും പണി പൂർത്തീകരിച്ച് മുൻകൂർ നൽകിയ തുകയിൽ ക്രമീകരിക്കാതെ അവശേഷിക്കുന്ന ₹14,00,651 ഏതെല്ലാം പ്രവൃത്തികൾക്കായി നൽകിയിട്ടുള്ളതാണെന്ന വിവരം രേഖാമൂലം ആവശ്യപ്പെട്ടിട്ടും (എൻക്വയറി നം.8/7.11.23) ലഭ്യമാക്കിയില്ല.

വിവിധ പ്രവൃത്തികൾക്കായി വൈദ്യുതി ബോർഡ്, ജല അതോറിറ്റി, എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിച്ച തുകകളിൽ യഥാക്രമം ₹20,17,560, ₹22,90,651 (ആകെ₹43,08,211) തുകകൾക്കുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. പ്രവൃത്തികൾക്ക് മുൻകൂർ തുക നിക്ഷേപിക്കുമ്പോൾ നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതും കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ സഹിതമുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്. ഇക്കാര്യം മരാമത്ത് സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ശ്രദ്ധയ്ക്കായി ശുപാർശ ചെയ്യുന്നു.

1-20 വിവിധ ശീർഷകങ്ങളിൽ മുന്നിരുപ്പുള്ള തുകകൾ വിനിയോഗിക്കപ്പെടാതെ തുടരുന്നു.

ഗ്രാമപഞ്ചായത്തിന് മുൻകാലങ്ങളിൽ ലഭിച്ചിട്ടുള്ള വിവിധ തുകകൾ വിനിയോഗിക്കാതെ തുടരുന്നുണ്ട്. ഈ തുകകൾ ഗ്രാമപഞ്ചായത്തിന്റെ ബാദ്ധ്യതയായി ബി.4 ഷെഡ്യൂളിൽ ശേഷിക്കുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരുപ്പ് തുക |
|---|---|---|---|---|---|---|
| 320100108 ബേസിക് സർവ്വീസ് ടു അർബൻ പുവർ | ₹14,61,326.60 | ₹41,526 | ₹15,02,852.60 | - | - | ₹15,02,852.60 |
| 320100191 നിർമൽ പുരസ്കാരം | ₹5,00,367 | 0 | ₹5,00,367 | 0 | - | ₹5,00,367 |
| 320100195 എപിഡെമിക് കൺട്രോൾ ഗ്രാന്റ് | ₹76,440 | ₹4,344 | ₹80,784 | ₹2,172 | - | ₹78,612 |
| 320100197 ലിറ്ററസി ഗ്രാന്റ് | ₹35,317 | ₹1,426 | ₹36,743 | - | - | ₹36,743 |
| 320100198 ശുചിത്വ മിഷൻ | ₹5,23,577 | - | ₹5,23,577 | - | - | ₹5,23,577 |
| 320100200 ജില്ലാതല ബെസ്റ്റ് പഞ്ചായത്ത് അവാർഡ് | ₹2,00,000 | - | ₹2,00,000 | - | - | ₹2,00,000 |
| 320200399 മറ്റ് ആവശ്യങ്ങൾ ക്കുള്ള പ്രത്യേക ഫണ്ട് | ₹2,16,778 | ₹22,154 | ₹2,38,932 | ₹15,993 | | ₹2,22,939 |
| 320300199 അദർ ഗവ. ഏജൻസീസ് | ₹10,669 | - | ₹10,669 | - | - | ₹10,669 |
| 320500101 വെൽഫെയർ ബോഡീസ് ക്യാപിറ്റൽ | ₹18,45,424 | - | ₹18,45,424 | - | - | ₹18,45,424 |
| 320800199 സ്പെസിഫിക് പർപ്പസ് ക്യാപിറ്റൽ | ₹5,62,805.25 | ₹25,993 | ₹5,88,798.25 | ₹10,000 | - | ₹578798.25 |

പ്രത്യേകാവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ഈ തുകകൾ അതാത് ആവശ്യങ്ങൾക്ക് വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ചെലവഴിക്കാൻ സാധിക്കാത്തതാണെങ്കിൽ ഈ തുകകൾ ബന്ധപ്പെട്ട ഹെഡുകളിലേക്ക് തിരികെ അടവാക്കാതിരുന്നത് എന്തെന്ന് വ്യക്തമല്ല. ഈ പരാമർശം സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/7.11.23) സർക്കാർ നിർദ്ദേശ പ്രകാരം അതാത് ഹെഡിലേക്ക് തിരിച്ച് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഇതിൽ ബി.എസ്.യു.പി. പദ്ധതിക്കായി ലഭിച്ചിട്ടുള്ള തുക ലൈഫ് ഭവന നിർമ്മാണ പ്രോജക്ടിലേക്ക് സർക്കാർ അനുമതിയോടെ ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വിവിധ

ശീർഷകങ്ങളിൽ ബാക്കിയുള്ള തുകകൾ ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി പ്രോജക്ടുകൾ രൂപീകരിച്ച് വിനിയോഗിക്കുകയോ അല്ലാത്തപക്ഷം ബന്ധപ്പെട്ട വകുപ്പ് / സ്ഥാപനം/ ഏജൻസിക്ക് തിരികെ നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

1-21 ഇ-ടെണ്ടർ ഫീസ് -പഞ്ചായത്ത് ഫണ്ടിലേക്ക് യഥാസമയം ട്രാൻസ്ഫർ ചെയ്യുന്നില്ല -പലിശയിനത്തിൽ വരുമാനനഷ്ടം.

കടമക്കുടി ഗ്രാമപഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന നടത്തുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീസായി ലഭിക്കുന്ന തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ ഇടപ്പള്ളി ശാഖയിൽ അക്കൗണ്ട് (അക്കൗണ്ട് നം.37180599557) ആരംഭിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിന്റെ പാസ്സ്ബുക്ക് പരിശോധിച്ചതിൽ 31/03/2023 ൽ ₹74,821/- നീക്കിയിരുപ്പായി സൂക്ഷിച്ചിട്ടുണ്ട്. ഇതുൾപ്പടെ ₹1,08,326/- നിലവിൽ ഈ അക്കൗണ്ടിൽ നീക്കിയിരുപ്പുണ്ട്. ഇ-ടെണ്ടർ ഫീസ് ലഭിക്കുന്നത് കറന്റ് അക്കൗണ്ടിലായതിനാൽ ഇതിൽ സൂക്ഷിക്കുന്ന പണത്തിന് പലിശ ലഭിക്കാത്ത സാഹചര്യമുണ്ട്. എന്നാൽ തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റിയാൽ അത് സേവിംഗ്സ് ബാങ്ക് അക്കൗണ്ടായതിനാൽ ഇതിലെ നീക്കിയിരുപ്പ് തുകക്ക് പലിശ ലഭിക്കുന്നതാണ്. ഈ അക്കൗണ്ടിലെ നീക്കിയിരുപ്പ് സംബന്ധമായ വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുന്നുമില്ല. മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഏറ്റവുമധികം ടെണ്ടറുകൾ നടക്കുന്നത് സാമ്പത്തിക വർഷം അവസാനിക്കുന്ന മാസങ്ങളിലാണ്. ഈ കാലയളവിൽ ലഭിച്ച തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് യഥാസമയം നൽകാതെ കറന്റ് അക്കൗണ്ടിൽ സൂക്ഷിച്ചതിനാൽ പലിശയിനത്തിൽ ലഭിക്കുമായിരുന്ന വരുമാനം നഷ്ടമാകുന്ന സ്ഥിതിയുണ്ട്. ഈ സാമ്പത്തിക വർഷം ഒരു പ്രാവശ്യം മാത്രമാണ് തനത്ഫണ്ടിലേക്ക് തുക മാറ്റിയിട്ടുള്ളത്. കൂടാതെ സർക്കാർ നിർദ്ദേശ പ്രകാരം ഔദ്യോഗികാവശ്യങ്ങൾക്കായി ആരംഭിക്കുന്ന ബാങ്ക് അക്കൗണ്ടുകൾക്ക് വിവിധ ബാങ്ക് ചാർജ്ജുകൾ നൽകേണ്ടതില്ല. മറ്റ് ഗ്രാമപഞ്ചായത്തുകളിൽ ഇതേയിനം അക്കൗണ്ടുകളിൽ നിന്നും ഈടാക്കിയ ഫീസുകളും ചാർജ്ജുകളും അസിസ്റ്റന്റ് എഞ്ചീനീയർ കത്ത് നൽകിയതിനെത്തുടർന്ന് ബാങ്ക് തിരികെ നൽകിയിട്ടുണ്ട്. എന്നാൽ ഈ അക്കൗണ്ടിൽ നിന്നും സർവ്വീസ് ചാർജ്ജ് ഈടാക്കി വരുന്നുണ്ട്. 12/03/2022, 12/03/2023 തീയതികളിൽ അക്കൗണ്ട് കീപ്പിംഗ് ചാർജ്ജായി ₹649 വീതം ഈടാക്കിയത് ബാങ്ക് ഇതുവരെ തിരികെ നൽകിയിട്ടില്ല. ഈടാക്കിയ ഫീസ് തിരികെ നൽകണമെന്നാവശ്യപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ കത്ത് നൽകിയതിന്റെ രേഖകളും ലഭ്യമായിട്ടില്ല. ഇ--ടെണ്ടർ ഫീസ് ലഭിച്ച തുക ഗ്രാമപഞ്ചായത്തിന് യഥാസമയം കൈമാറാത്തതിനും സർക്കാർ നിർദ്ദേശപ്രകാരം തുടങ്ങിയ അക്കൗണ്ടിൽ നിന്നും ബാങ്ക് ഈടാക്കിയ ചാർജ്ജുകൾ തിരികെ ഈടാക്കാത്തതിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 24 Dtd 08/11/2023) അപാകങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ടെണ്ടർ ഫീസ് സംബന്ധിച്ച അപാകങ്ങൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-22 വെള്ളക്കരം കുടിശ്ശിക തീർപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല

കടമക്കുടി ഗ്രാമപഞ്ചായത്തിന് കേരള വാട്ടർ അതോറിറ്റി ഏറ്റവും അവസാനം നൽകിയ ഡിമാന്റ് നോട്ടീസ് പ്രകാരം (ബിൽ നം-78177 തിയതി 06/10/2023) പൊതുടാപ്പുകളുടെ വെള്ളക്കരക്കുടിശ്ശിക 4.80 കോടി രൂപയുണ്ട്. വലിയ തുക കുടിശ്ശികയുള്ള സാഹചര്യത്തിലും വാർഷിക പദ്ധതിയിൽ നിന്നോ തനത്ഫണ്ടിൽ നിന്നോ 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് വെള്ളക്കരം ഒടുക്കിയിട്ടില്ല. കേരള വാട്ടർ അതോറിറ്റി 2023 മാർച്ച് മാസത്തിൽ നൽകിയ ഡിമാന്റ് നോട്ടീസ് (ബിൽ നം-72361 തിയതി 10/03/2023) പ്രകാരം ഒടുക്കാനുള്ള ₹4,18,35,883/- വെള്ളക്കരക്കുടിശ്ശികയിൽ ₹18,199 മാത്രമാണ് പ്രതിമാസ വെള്ളക്കരമുള്ളത്. ബാക്കി തുക പിഴപ്പലിശയുൾപ്പടെയുള്ള മുൻവർഷങ്ങളിലെ കുടിശ്ശികയാണ്. വെള്ളക്കരം സംബന്ധിച്ച് ഗ്രാമപഞ്ചായത്തിലെ ഫയൽ പരിശോധിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത് 2013 ഏപ്രിൽ വരെ 190 പൊതുടാപ്പുകളുടെ വെള്ളക്കരമാണ് നൽകി വന്നിരുന്നത്. ഇതുവരെയുള്ള തുക പൂർണ്ണമായും ഗ്രാമപഞ്ചായത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി നടത്തിയ സംയുക്ത പരിശോധനയിൽ നിലവിലുള്ള പൊതുടാപ്പുകളുടെ എണ്ണം 379 ആണെന്ന് കണ്ടെത്തുകയും വാട്ടർ അതോറിറ്റി 2013 മെയ് മാസം മുതൽ കണ്ടെത്തിയ 379 ടാപ്പുകളുടെ വെള്ളക്കരത്തിന് ബിൽ നൽകുകയും ചെയ്തിട്ടുണ്ട്. സംയുക്തപരിശോധന നടത്തിയതിന് പിന്നാലെ അധികമായി കണ്ടെത്തിയ 189 പൊതുടാപ്പുകൾ വിഛേദിക്കുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി (21/03 /2012ലെ 29-ാം നമ്പർ തീരുമാനപ്രകാരം) പലതവണ വാട്ടർ അതോറിറ്റിയെ അറിയിച്ചിരുന്നുവെങ്കിലും വാട്ടർ അതോറിറ്റി തുടർനടപടികളൊന്നും സ്വീകരിച്ചില്ല. ഈ സാഹചര്യത്തിൽ മുമ്പ് നൽകിയിരുന്ന 190 പൊതുടാപ്പുകളുടെ വെള്ളക്കരം മാത്രമാണ് ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് തുടർ കണക്കുകളിൽ ഉൾപ്പെടുത്തിവരുന്നത്. എന്നാൽ വാട്ടർ അതോറിറ്റി 379 എണ്ണത്തിന്റെ തന്നെ ബിൽ തുകയാണ് നൽകിവന്നിരുന്നത്. ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്ത് നൽകിയ മാർച്ച് 2012 മുതൽ 2021 നവംബർ വരെ 379 ടാപ്പുകളുടെ ബിൽ തുക വച്ചാണ് വാട്ടർ അതോറിറ്റി കുടിശ്ശിക കണക്കാക്കിയിട്ടുള്ളത്. സർക്കാർ വിവിധ വർഷങ്ങളിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തതും വാർഷിക പദ്ധതി പ്രകാരം നൽകിയതുമായ

തുക ഇതിനിടെ ഗ്രാമപഞ്ചായത്ത് വെള്ളക്കരം നൽകിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ 16/10/2021 ൽ നൽകിയ കത്തിൽ (കെ.ഡബ്ലിയു.എ /K-16/ST/1526/2020) 2017 മുതൽ തുടർച്ചയായ വർഷങ്ങളിൽ പൊതുടാപ്പുകൾ കുറവ് ചെയ്തിട്ടുള്ള കാര്യം അറിയിച്ചിട്ടുണ്ട്. ഈ കത്ത് പ്രകാരം തന്നെ 2020 സെപ്തംബർ മാസം മുതൽ തന്നെ 15 ടാപ്പുകളാണ് നിലവിലുള്ളതെന്നും അറിയിച്ചിട്ടുണ്ടെങ്കിലും 2021 ഡിസംബർ മാസത്തിലെ ബില്ലിൽ (നം-58138 Dtd 04/12/2021) മാത്രമാണ് പൊതുടാപ്പുകളുടെ എണ്ണം 15 ആയി കുറച്ച് നൽകിയിട്ടുള്ളത്. വാട്ടർ അതോറിറ്റി തന്നെ അറിയിച്ച കത്തിൽ 2017 മുതൽ തുടർച്ചയായ വർഷങ്ങളിൽ കുറവ് ചെയ്ത ടാപ്പുകളുടെ കരം പോലും 2021 നവംബർ വരെ കണക്കിലുൾപ്പെടുത്തിയാണ് കുടിശ്ശിക കണക്കാക്കിയിട്ടുള്ളത്. ഈ വൈരുദ്ധ്യം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കപ്പെട്ടിട്ടില്ല.

വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തതും ഗ്രാമപഞ്ചായത്ത് അംഗീകരിക്കുന്നതുമായ 15 ടാപ്പുകളുടെ വെള്ളക്കരം സമയബന്ധിതമായി അടക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് വീഴ്ചയുണ്ടായിട്ടുണ്ട്. വാട്ടർ അതോറിറ്റി നൽകിയ കത്തിലെ വിവരങ്ങൾ പ്രകാരം 2020 സെപ്തംബർ മുതൽ ഉപയോഗിച്ചുവരുന്ന 15 പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കേണ്ടതുണ്ട്. തദ്ദേശസ്ഥാപനങ്ങളുടെ വെള്ളക്കരക്കുടിശ്ശിക തീർപ്പാക്കുന്നതിന് വാട്ടർ അതോറിറ്റി ആംനെസ്റ്റി പദ്ധതി പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ പിഴപ്പലിശയിലുൾപ്പടെ പദ്ധതിയുടെ പരമാവധി ആനുകൂല്യം നേടി, കണക്കിലെ പൊരുത്തക്കേടുകളും ഡിമാന്റിൽ വന്ന പിശകുകളും പരിഹരിച്ച് കുടിശ്ശിക പൂർണ്ണമായി ഇല്ലാതാക്കാൻ ശ്രമിക്കാത്ത പക്ഷം ഗ്രാന്റുകളുടെ സ്രോതസ്സിൽ നിന്നും വീണ്ടും വെള്ളക്കരകുടിശ്ശിക ഈടാക്കാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്.

ഇതുവരെ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് നേരിട്ട് ഒടുക്കിയ തുകയും ഈയിനത്തിൽ വിവിധ ഗ്രാന്റുകളിൽ നിന്നും ഇതുവരെ സർക്കാർ നേരിട്ട് ഈടാക്കിയ തുകയും സംബന്ധിച്ച വിശദമായ കണക്കുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.വാട്ടർ അതോറിറ്റി വെള്ളക്കര കുടിശ്ശിക തീർപ്പാക്കുന്നതിന് കുടിശ്ശിക അദാലത്ത്, ഒറ്റത്തവണ തീർപ്പാക്കൽ പോലുള്ള പദ്ധതികളിൽ അപേക്ഷ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-15 തിയതി 08/11/2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വെള്ളക്കരം കുടിശ്ശിക തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 ഗ്രാമസഭ യോഗങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ 13 നിയോജകമണ്ഡലങ്ങളിലെയും ഗ്രാമസഭകൾ നാലു തവണ വിളിച്ചു ചേർത്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നം. | കൺവീനർ | ഗ്രാമസഭ ചേർന്ന തീയതികൾ | | | |
|---|---|---|---|---|---|
| | | 1-ാം ഗ്രാമസഭ | 2-ാം ഗ്രാമസഭ | 3-ാം ഗ്രാമസഭ | 4-ാം ഗ്രാമസഭ |
| 1 | ശ്രീ.ബഞ്ചമിൻ വി.എ. | 12.6.22 | 4.8.22 | 4.9.22 | 8.1.23 |
| 2 | ശ്രീ.ഡൈവേർഷ്യസ് പി.ആർ | 12.6.22 | 5.8.22 | 4.9.22 | 8.1.23 |
| 3 | ശ്രീമതി.ഷീജ ജോസ് | 14.6.22 | 5.8.22 | 3.9.22 | 7.1.23 |
| 4 | ശ്രീ.എം.എസ്.ആന്റണി. | 14.6.22 | 4.8.22 | 3.9.22 | 8.1.23 |
| 5 | ശ്രീ.വിപിൻരാജ് കെ.പി. | 13.6.22 | 5.8.22 | 2.9.22 | 9.1.23 |
| 6 | ശ്രീമതി.ജെയിൻ സെബാസ്റ്റിൻ | 18.6.22 | 4.8.22 | 3.9.22 | 4.1.23 |
| 7 | ശ്രീമതി.മേരി വിൻസെന്റ് | 19.6.22 | 5.8.22 | 3.9.22 | 7.1.23 |
| 8 | ശ്രീ.അഗസ്റ്റിൻ ഹൈബിൻ | 11.6.22 | 5.8.22 | 3.9.22 | 11.1.23 |
| 9 | ശ്രീമതി.സജിനി ജ്യോതിഷ് | 18.6.22 | 4.8.22 | 1.9.22 | 4.1.23 |
| 10 | ശ്രീമതി.ലിസമ്മ ജേക്കബ് | 19.6.22 | 4.8.22 | 3.9.22 | 9.1.23 |
| 11 | ശ്രീമതി.ജിയ സന്തോഷ് | 17.6.22 | 5.8.22 | 3.9.22 | 4.1.23 |
| 12 | ശ്രീമതി.രജനി പ്രദീപ് കുമാർ | 16.6.22 | 5.8.22 | 3.9.22 | 7.1.23 |
| 13 | ശ്രീ.പ്രബിൻ | 19.6.22 | 4.8.22 | 4.9.22 | 8.1.23 |

ഗ്രാമസഭയുടെ നടത്തിപ്പിൽ കാണുന്ന അപാകതകൾ താഴെ കൊടുക്കുന്നു.

1.ഗ്രാമസഭയുടെ മിനുട്ട്സ് രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെങ്കിലും മിനുട്ട്സ് ബുക്കിൽ ഗ്രാമസഭയിൽ പങ്കെടുത്തവരുടെ ഹാജർ നില രേഖപ്പെടുത്തിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 3എ(4) പ്രകാരം ഗ്രാമസഭയുടെ ക്വോറം സമ്മതിദായകരുടെ എണ്ണത്തിന്റെ പത്ത് ശതമാനം ആയിരിക്കേണ്ടതാണ്. മിനുട്ട്സ് ബുക്കിൽ ഹാജർ രേഖപ്പെടുത്താത്തതിനാൽ ചേർന്ന ഗ്രാമസഭകളുടെ ക്വോറം തികഞ്ഞിട്ടുണ്ടോ എന്നത് പരിശോധിക്കാനാകുന്നില്ല.

2. ഗ്രാമസഭാ മിനുട്ടുസുകളിൽ ഗ്രാമസഭാ കോ ഓർഡിനേറ്റർ ഒപ്പ് വയ്ക്കുന്നുണ്ടെങ്കിലും ഗ്രാമസഭാ അദ്ധ്യക്ഷൻ പല മിനുട്ട്സുകളും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. മുൻവർഷത്തെ വാർഷിക കണക്കുകളുടെ ഒരു സ്റ്റേറ്റ്മെന്റും ഭരണ നിർവ്വഹണ റിപ്പോർട്ടും ഒരു വർഷത്തെ ആദ്യയോഗത്തിൽ ഗ്രാമസഭ മുമ്പാകെ വയ്ക്കണമെന്ന നിയമ വ്യവസ്ഥ (വകുപ്പ് 3(6)) പാലിക്കപ്പെട്ടിട്ടില്ല. മിനുട്ട്സിൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല.

4. ഗ്രാമസഭയുടെ മുൻ തീരുമാനങ്ങൾ നടപ്പാക്കൽ സംബന്ധിച്ചുള്ള റിപ്പോർട്ട് അദ്ധ്യക്ഷൻ ഗ്രാമസഭയിൽ

അവതരിപ്പിച്ചിട്ടില്ല.
5. ഗ്രാമസഭയുടെ പരിഗണനയ്ക്ക് വരുന്ന ഓഡിറ്റ് റിപ്പോർട്ടുകളെ കുറിച്ച് ഗ്രാമസഭ ചർച്ച ചെയ്യേണ്ടതും അതിന്മേലുള്ള ശുപാർകളും നിർദ്ദേശങ്ങളും ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതുമാണ് (വകുപ്പ് 3(6) ). ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക ഓഡിറ്റ് റിപ്പോർട്ട് 6.1.2022 ലും 2021-22 വാർഷിക ഓഡിറ്റ് റിപ്പോർട്ട് 6.2.2023 ലും പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഈ റിപ്പോർട്ടുകളൊന്നും തന്നെ ഗ്രാമസഭകളുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടില്ല.
6. ഗ്രാമസഭാ നടത്തിപ്പ്, 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 3, 1995 ലെ കേരള പഞ്ചായത്ത് രാജ് (ഗ്രാമസഭയുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി) ചട്ടങ്ങൾ എന്നിവ പ്രകാരം ആയിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-24 വാഹന പരിപാലനം-സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ സ.ഉ(എം.എസ്) നം.170/2007/ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ധനകാര്യ വകുപ്പ് സർക്കുലർ നം. 41/2008/ധന തീയതി 2-8-2008 പ്രകാരവും തുടർനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനെ അടിസ്ഥാനപ്പെടുത്തിയുള്ള താഴെപ്പറയുന്ന പരാമർശങ്ങൾക്ക് വിശദീകരണം നൽകുവാൻ എൻക്വയറി നം-34/9.11.2023 ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല.
പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബോലേറോ KL07 CW 2630 നം വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.
1. ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിൽ ഓരോ വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. ഇപ്രകാരമുള്ള റിപ്പോർട്ട് ഹാജരാക്കിയില്ല.

2. ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ ലോഗ് ബുക്ക്, ഇന്ധനത്തിനുള്ള ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. ആയതിൽ ലോഗ് മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. മറ്റു രജിസ്റ്ററുകൾ ഹാജരാക്കിയില്ല.
3. 2022-23 വാർഷിക ധനകാര്യ പത്രിക പ്രകാരം ₹132240/- ഇന്ധനം വാങ്ങിയതിനായി ചെലവഴിച്ചിട്ടുണ്ട് ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് മാസാന്ത്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
4. ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ട്. പരിശോധനയ്ക്ക് ഹാജരാക്കിയ ലോഗ് ബുക്കുകളിൽ പ്രസ്തുത വാഹനങ്ങളുടെയൊന്നും ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല.

5. വാഹനങ്ങളുടെ പുക ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തിയതിന്റെ രേഖകൾ ലോഗ്ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

6. ജി.ഒ(പി)നം. 161/2006/ധന തീയതി 31-03-2006 പ്രകാരം നിശ്ചയിച്ചിട്ടുള്ള മാതൃകയിൽ സൂക്ഷിക്കേണ്ടുന്ന വാഹനത്തിന്റെ വെഹിക്കിൾ ഹിസ്റ്ററി ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഓഡിറ്റ് നിർദേശങ്ങൾ
1) സ.ഉ(എം.എസ്)നം. 170/2007/തസ്വഭവ തിയതി 30-06-2007 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തേണ്ടതാണ്.
2) വാഹനത്തിന്റെ പുക ടെസ്റ്റ് നടത്തി സാക്ഷ്യപത്രവും, വെഹിക്കിൾ ഹിസ്റ്ററി ബുക്കും സൂക്ഷിക്കേണ്ടതുമാണ്.
അപാകതകൾ പരിഹരിച്ച് വാഹന ഉപയോഗം കാര്യക്ഷമമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 ദുരിതാശ്വാസ നിധി - ചട്ടപ്രകാരം വിനിയോഗിക്കുന്നില്ല.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവമൂലം ദുരിതമനുഭവിക്കുന്ന ഗ്രാമപഞ്ചായത്ത് നിവാസികൾക്ക് അടിയന്തിര സഹായം നൽകുന്നതിന് വേണ്ടി ഒരു നിധി രൂപീകരിക്കേണ്ടതാണ് (ചട്ടം 3). കടമക്കുടി ഗ്രാമപഞ്ചായത്തിൽ ഈ ആവശ്യത്തിലേക്കായി ഒരു നിധി രൂപീകരിച്ചിട്ടുണ്ട് (UBI A/c No.732902010002453). ഈ നിധിയിൽ മുന്നിരുപ്പായി ₹56,344/- ഉണ്ടായിരുന്നു. ഇത് വർഷാന്ത്യത്തിൽ പലിശ സഹിതം ₹57,128/- ആയി വർദ്ധിച്ചിട്ടുണ്ട്. ഈ നിധിയിൽ നിന്നും ഓഡിറ്റ് വർഷത്തിൽ ധനസഹായങ്ങൾ ഒന്നും വിതരണം ചെയ്തിട്ടില്ല.

ധനസഹായ നടപടികൾ ഏകോപിപ്പിക്കുന്നതിനും ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതിനും തീരുമാനം എടുക്കുന്നതിനും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്,

തെരഞ്ഞെടുക്കപ്പെടുന്ന ഒരംഗം, സെക്രട്ടറി എന്നിവരടങ്ങുന്ന ഒരു സബ് കമ്മിറ്റി രൂപീകരിക്കുന്നതിന് ചട്ടം 4(3) നിർദ്ദേശിച്ചിട്ടുണ്ട്. കടമക്കുടി ഗ്രാമപഞ്ചായത്തിൽ ഈ സബ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

ഈ പരാമർശങ്ങൾ സംബന്ധിച്ച രേഖകൾ / വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.38/10.11.2023) അടുത്ത ഭരണസമിതി യോഗത്തിൽ സബ്കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ചട്ടപ്രകാരം സബ്കമ്മിറ്റി രൂപീകരിച്ച് ദുരിതങ്ങളിൽ സാധാരണക്കാർക്ക് സഹായം നൽകുന്നതിനും നിധി മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതിന് ഈ വിഷയം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിലേക്കായി ശുപാർശ ചെയ്യുന്നു.

## 1-26 കുറ്റിക്കുരുമുളക് - വാങ്ങിയതിലെ അപാകം

| | | | |
|---|---|---|---|
| പ്രോജക്ട് നം, പേര് | 158/23 ,കുറ്റിക്കുരുമുളക് വിതരണം | | |
| അടങ്കൽ | ₹200000, വികസനഫണ്ട് , ₹66700,ഗുണഭോക്തൃവിഹിതം | | |
| ചെലവ് | ബിൽ നം | തീയതി | തുക |
| | 2211015202011701381668 | 17.03.2023 | ₹199950 |
| | ചെക്ക് നം. 035787 | 29.03.2023 | ₹66650 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ, കടമക്കുടി ഗ്രാമപഞ്ചായത്ത് | | |

ഗ്രാമ പഞ്ചായത്തിലെ കർഷകർക്ക് മേൽ പ്രോജക്ട് പ്രകാരം കുറ്റിക്കുരുമുളക് തൈകൾ വാങ്ങി നല്കിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് 75% സബ്സിഡി നിരക്കിലാണ് തൈകൾ വിതരണം ചെയ്തിട്ടുള്ളത്. വെജിറ്റബിൾ ആന്റ് ഫ്രൂട്സ് പ്രൊമോഷൻ കൗൺസിൽ ഫോർ കേരളയിൽ നിന്ന് ഒരു കുറ്റിക്കുരുമുളക് തൈക്ക് ₹100 നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. ആകെ 2666 കുറ്റിക്കുരുമുളക് തൈകൾ വാങ്ങിയിട്ടുണ്ട്.

എന്നാൽ മെമ്പർ സെക്രട്ടറി, എറണാകുളം ജില്ലാ ആസൂത്രണ സമിതിയുടെ 13.07.2022 ലെ 103578/2022 /ഡിപിസി/ഡിപിഒ/ഇകെഎം പ്രകാരമുള്ള 2022-23 വർഷത്തേക്കുള്ള കുറ്റിക്കുരുമുളക് തൈകളുടെ യൂണിറ്റ് കോസ്റ്റ് താഴെ ചേർക്കും പ്രകാരം നിർണ്ണയിച്ചിട്ടുണ്ട്.

| ക്രമ നം | അളവ് | യൂണിറ്റ് കോസ്റ്റ് |
|---|---|---|
| 1 | 1 Cutting Cover Size 5x7x1 Ft | ₹50 |
| 2 | 1 Cutting Cover Size 8x10x1 Ft | ₹75 |
| 3 | 24x24x40 Cm Grow Bag 2 Month Old | ₹100 |
| 4 | 24x24x40 Cm Grow Bag 6 Month Old | ₹250 |

വെജിറ്റബിൾ ആന്റ് ഫ്രൂട്സ് പ്രൊമോഷൻ കൗൺസിൽ ഫോർ കേരളയിൽ നിന്ന് 10.03.2023 ൽ ലഭ്യമാക്കിയ EKM-2223/Pi 1207 പ്രകാരമുള്ള ഇൻവോയ്സിൽ ₹100 നിരക്കിലുള്ള 2666 തൈകളാണ് വിതരണം ചെയ്തിട്ടുള്ളത്. ഈ ഇൻവോയ്സിൽ സപ്ലൈ ചെയ്ത തൈകളുടെ സ്പെസിഫിക്കേഷൻ Pepper Bush 3 Cutting (15X17) എന്നാണ് രേഖപ്പെടുത്തിയിട്ടുള്ള്. ജില്ലാ ആസൂത്രണ സമിതി യൂണിറ്റ് കോസ്റ്റ് നിർണ്ണയിച്ചിട്ടുള്ള 100യുടെ 24x24x40 Cm Grow Bag 2 Month Old സ്പെസിഫിക്കേഷൻ പ്രകാരമുള്ള കുറ്റിക്കുരുമുളക് തൈകൾ ആണ് നിർവ്വഹണോദ്യോഗസ്ഥൻ വാങ്ങി വിതരണം ചെയ്യേണ്ടിയിരുന്നത്.എന്നാൽ ഇൻവോയ്സിൽ സപ്ലൈ ചെയ്ത തൈകളുടെ സ്പെസിഫിക്കേഷൻ Pepper Bush 3 Cutting (15X17) ആണ്. തൈകളുടെ സ്പെസിഫിക്കേഷനിലുള്ള വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 9.11.2023 ൽ നല്കിയ 35ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് യൂണിറ്റ് കോസ്റ്റ് പ്രകാരം ലഭ്യമാകുന്ന ഗ്രോ ബാഗിൽ 2 തൈകൾ മാത്രമാണുണ്ടാകുന്നതെന്നും നിലവിൽ ലഭ്യമായതിൽ 3 തൈകൾ ലഭിച്ചിട്ടുണ്ടെന്നും ലഭിച്ച തൈകൾ 3 മാസം വളർച്ചയുള്ളതാണെന്നും മറുപടി ലഭ്യമാക്കി. എന്നാൽ വെജിറ്റബിൾ ആന്റ് ഫ്രൂട്സ് പ്രൊമോഷൻ കൗൺസിൽ ഫോർ കേരളയിൽ നിന്ന് ലഭിച്ച ഇൻവോയ്സിൽ കുറ്റിക്കുരുമുളക് തൈകളുടെ പ്രായം വ്യക്തമാക്കിയിട്ടില്ല. നിലവിൽ തൈകൾ വാങ്ങി കൃഷി ഭവൻ വഴി വിതരണം ചെയ്തിട്ടുള്ളതിനാലും തുക ബന്ധപ്പെട്ട സ്ഥാപനത്തിന് കൈമാറിയിട്ടുള്ളതിനാലും നിർവ്വഹണോദ്യോഗസ്ഥന്റെ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നു. സർക്കാർ ഉത്തരവിനെ അടിസ്ഥാനമാക്കി തൈകളുടെ സ്പെസിഫിക്കേഷൻ പ്രകാരം തന്നെ വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 എച്ച്.ഡി.പി.ഇ പോട്ട് വിതരണം- ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല

1)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഗ്രോ ബാഗ് വിതരണം |
| പ്രോജക്ട് നം | എസ് 0162/23 |
| അടങ്കൽ,ഫണ്ട് | ₹517500,വികസനഫണ്ട് (പൊതുവിഭാഗം)<br>₹172500 (ഗുണഭോക്തൃവിഹിതം) ആകെ ₹690000 |

| | | | |
|---|---|---|---|
| ചെലവ് | ബിൽ നം | തീയതി | തുക |
| | 22110152011701166224 | 31.03.23 | ₹236250 |
| | 22110152011701381657 | 17.03.23 | ₹209250 |
| | 22110152011701507421 | 28.03.23 | ₹72000 |
| | 035783 | 28.03.23 | ₹172500 |
| | ആകെ | | ₹690000 |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ, കടമക്കുടി ഗ്രാമപഞ്ചായത്ത് | | |

2)

| | | | |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | ഗ്രോ ബാഗ് വിതരണം (എസ്.സി) | | |
| പ്രോജക്ട് നം | എസ് 0164/23 | | |
| അടങ്കൽ,ഫണ്ട് | ₹69750,വികസനഫണ്ട് (പൊതുവിഭാഗം) ₹23250(ഗുണഭോക്തൃവിഹിതം) ആകെ ₹93000 | | |
| ചെലവ് | ബിൽ നം | തീയതി | തുക |
| | 22110152011701421411 | 21.03.23 | ₹18000 |
| | 22110152011701496789 | 27.03.23 | ₹51750 |
| | 035340 | 28.03.23 | ₹23250 |
| | ആകെ | | ₹93000 |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ, കടമക്കുടി ഗ്രാമപഞ്ചായത്ത് | | |

ഗ്രാമപഞ്ചായത്തിൽ കൃഷിക്ക് അഭിരുചിയുള്ള വ്യക്തികൾക്ക് പച്ചക്കറികൃഷി ടെറസിലും മുറ്റത്തും ചെയ്യുന്നതിനായി മേൽ പ്രോജക്ടുകൾ വഴി 75% സബ്സിഡി നിരക്കിൽ എച്ച്.ഡി.പി.ഇ പോട്ടിൽ പോട്ടിംഗ് മിശ്രിതം നിറച്ച് ഒരു ഗുണഭോക്താവിന് 15 എച്ച്.ഡി.പി.ഇ പോട്ട് വീതം പച്ചക്കറി തൈകൾ ഉൾപ്പെടുത്തി വിതരണം ചെയ്ത് സമഗ്ര പച്ചക്കറി വികസനം കൈവരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ₹200 യാണ് ഒരു എച്ച്.ഡി.പി.ഇ പോട്ടിന്റെ യൂണിറ്റ് കോസ്റ്റ്. ഗ്രാമപഞ്ചായത്തിലെ കടമക്കുടി കാർഷിക കർമ്മസേന നിന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ എച്ച്.ഡി.പി.ഇ പോട്ടിൽ പോട്ടിംഗ് മിശ്രിതം നിറച്ച പച്ചക്കറി തൈകൾ വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. മേൽ സൂചിപ്പിച്ചിട്ടുള്ള രണ്ട് പ്രോജക്ടിനായി യഥാക്രമം 230ഉം 31 ഉം വീതം ഗുണഭോക്താക്കളിൽ നിന്ന് ₹750 (15x50=750) നിരക്കിൽ ₹172500, ₹23250 എന്നിങ്ങനെ എച്ച്.ഡി.പി.ഇ പോട്ടിനായി ഗുണഭോക്തൃവിഹിതം കൃഷി ഭവനിൽ സ്വീകരിച്ചിട്ടുണ്ട്. ഒരു യൂണിറ്റിന് ₹2250 നിരക്കിൽ (15x150=2250) യഥാക്രമം ₹517,500 (230x2250), ₹69,750 (31x2250) എന്നിങ്ങനെ വികസന ഫണ്ടിൽ (ജനറൽ) നിന്ന് സബ്സിഡിയായും നല്കുന്നു. എച്ച്.ഡി.പി.ഇ പോട്ട് വിതരണം ചെയ്തതിന്റെ വിലയായി കടമക്കുടി കാർഷിക കർമ്മസേന നല്കിയ 230ഉം 31 ഉം വീതം യൂണിറ്റിന്റെ ബില്ലുകൾക്ക് ₹690000, ₹93000 ഉൾപ്പെടെ ₹783000 നല്കിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് പരിശോധിച്ചതിൽ താഴെ സൂചിപ്പിച്ചിട്ടുള്ള അപാകങ്ങൾ കണ്ടെത്തി.

1)തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 18.11.2022 ലെ സർക്കാർ ഉത്തരവ് (സാധാ) നം 2854/2022 ലെ ക്ലോസ് 5 പ്രകാരം ടെണ്ടർ നടപടികളിലൂടെയാണ് HDPE ചെടിച്ചട്ടി വാങ്ങേണ്ടതെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ മേൽ പ്രോജക്ടിനായി HDPE ചെടിച്ചട്ടി വാങ്ങിയതിന് നിർവ്വഹണോദ്യോഗസ്ഥ മേൽ ഉത്തരവിലെ നടപടിക്രമങ്ങൾ പാലിച്ചിട്ടുള്ളതായി കാണുന്നില്ല.

2)തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 18.11.2022 ലെ സർക്കാർ ഉത്തരവ് (സാധാ) നം 2854/2022 ൽ നിഷ്കർഷിച്ചിട്ടുള്ള ചെടിച്ചട്ടിയുടെ ഉയരം.ഡയമീറ്റർ ,കനം ,തൂക്കം എന്നിവയൊന്നും ബില്ലിൽ ഉൽപ്പെടുത്തിയിട്ടില്ല.

3) ലഭ്യമാക്കിയിട്ടുള്ള ബില്ല് പ്രകാരം Cost Of Filled Container With Vegetable Seedlings 230 Units (15 Grow Bags/unit) എന്നാണ്. Filled Container ആയതിനാൽ ബില്ല് ജി.എസ്.ടിക്ക് വിധേയമാണ്. നിയമസാധുതയില്ലാത്ത ബില്ല് അംഗീകരിച്ച് തുക അനുവദിച്ചതിന് വിശദീകരണം നല്കേണ്ടതാണ്.

4) മേൽ ഉത്തരവിലെ നിർദ്ദേശപ്രകാരം HDPE ചെടിച്ചട്ടി നല്കുന്നതിന് 5 വർഷത്തെ ഗ്യാരണ്ടി നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആയത് കടമക്കുടി കാർഷിക കർമ്മസേന നല്കിയിട്ടുള്ളതായി ഫയലിൽ നിന്ന് ലഭ്യമല്ല.

5) പ്രോജക്ട് സംബന്ധിച്ചിട്ടുള്ള മോണിറ്ററിംങ് സമിതിയുടെ മോണിറ്ററിംങ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് 9.11.2023 ൽ നല്കിയ 32ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പ്രോജക്ട് വഴി കേവലം HDPE ചെടിച്ചട്ടി മാത്രമല്ല അതിലുൾപ്പെടുന്ന തൈകളും പോട്ടിംഗ് മിശ്രിതവും ഉൾപ്പെടെയാണ് ₹200 ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ളതെന്നും കാർഷികകർമ്മസേന വഴി നല്കിയതിനാൽ ഇതിന് ജി.എസ്.ടി ബാധകമല്ലെന്നും, HDPE ചെടിച്ചട്ടിക്ക് ഏതെങ്കിലും തരത്തിൽ കേടുപാടുകൾ സംഭവിക്കുകയാണെങ്കിൽ പകരം പുതിയവ നല്കുമെന്ന കാർഷിക

കർമ്മ സേന സെക്രട്ടറിയുടെ ഗ്യാരണ്ടി സംബന്ധിച്ച കത്തും, മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. എന്നാൽ ഒരു പ്രോജക്ട് നടപ്പിലാക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുകയും കൂടുതൽ വ്യക്തത വരുത്തുവാൻ ആയതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുയും ചെയ്തിട്ട് അതിനു വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കുന്നത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഗുണനിലവാരമുള്ള പോട്ടിംങ് മിശ്രിതം അനുവദിക്കുന്നതിന് ₹60 അധികം നല്കാമെന്ന് മേൽ പരാമർശിച്ചിട്ടുള്ള ഉത്തരവിൽ പ്രത്യേകം നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ കാർഷിക കർമ്മസേന നൽകിയിട്ടുള്ള ഇൻവോയ്സിൽ ബിൽ നമ്പരോ തീയതിയോ ചേർത്തിട്ടില്ല. ആയതിനാൽ വിലകുറച്ചാണ് HDPE ചെടിച്ചട്ടിയും തൈകളും വാങ്ങിയതെന്ന നിർവ്വഹണോദ്യോഗസ്ഥന്റെ മറുപടിക്ക് പ്രസക്തിയില്ല. കൂടാതെ HDPE ചെടിച്ചട്ടിയുടെ ഗുണനിലവാരത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ 30.10.2023 ലെ സർക്കാർ ഉത്തരവ് (സാധാ)നം2118/2023/LSGD പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ആയതിനാൽ മതിയായ രേഖകൾ ഹാജരാക്കുകയോ, ചെലവിന് സർക്കാർ സാധൂകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

## 1-28 സർക്കാർ അംഗീകാരമില്ലാത്ത പ്രോജക്ട് നിർവ്വഹണം - മറ്റ് അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | നൈപുണ്യ നഗരം - വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലന പരിപാടി. (എസ്.0165/23) |
| അടങ്കൽ | ₹40,000 (വികസന ഫണ്ട്- ജനറൽ) |
| ചെലവ് വിവരം | ₹40,000 (വികസന ഫണ്ട്- ജനറൽ)<br>ബിൽ നം. 89764/25.1.23<br>(രംഭ എ.കെ. ₹11000, കോരമ്പാടം എസ്.സി.ബി.₹5000, IHRD ₹24000) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് |

ജില്ലാ ആസൂത്രണ സമിതിയുടെ 03.10.2022 ലെ 103578/22/DPC/DPO/EKM/ 12 -ാം നമ്പർ കത്തിലെ നിർദ്ദേശമനുസരിച്ച് ഗ്രാമപഞ്ചായത്തിലെ അറുപത് വയസ്സിനുമുകളിൽ പ്രായമുള്ള ഇംഗ്ലീഷ് വായിക്കുവാൻ അറിയാവുന്ന വയോജനങ്ങൾക്ക് പത്ത് ദിവസത്തെ ഡിജിറ്റൽ ലിറ്ററസി പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. ഈ പ്രോജക്ട് നിർവ്വഹണത്തിൽ താഴെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1. സ.ഉ.(കൈ) 115/2022/ത.സ്വ.ഭ.വ./ 28.05.2022 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 8.5(ii) പ്രകാരം സംരംഭം തുടങ്ങുന്നതിന്റെ ഭാഗമായോ തൊഴിൽ നൽകുന്നതിന്റെ ഭാഗമായോ അല്ലാതെ കമ്പ്യൂട്ടർ പരിശീലന പരിപാടിക്ക് മാത്രമായി പ്രോജക്ട് ഏറ്റെടുക്കാവുന്നതല്ല. ഇതിന് വിരുദ്ധമായിട്ടാണ് ഈ പ്രോജക്ട് നിർവ്വഹണം നടത്തിയിട്ടുള്ളത്.
2. വയോജനങ്ങൾക്ക് കംപ്യൂട്ടർ പരിശീലനപരിപാടി ഏറ്റെടുക്കണമെന്ന് ഗ്രാമസഭയിലോ വികസന സെമിനാറിലോ നിർദ്ദേശം വന്നിട്ടുള്ളതായി കാണുന്നില്ല. ഈ പ്രോജക്ട് ഏറ്റെടുക്കണമെന്ന് വർക്കിങ്ങ് ഗ്രൂപ്പ് തീരുമാനമുള്ളതായും കാണുന്നില്ല.
3. പഞ്ചായത്ത് കമ്മിറ്റിയുടെ 30.09.2022 ലെ 19(3) നമ്പർ തീരുമാനപ്രകാരം ഈ പ്രോജക്ടിലേക്കായി 42 ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഇവർ ഗ്രാമസഭകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടില്ല. 26.12.2022 മുതൽ 05.01.2023 വരെ നടത്തിയ പരിശീലന പരിപാടിയുടെ അറ്റൻൻസിന്റെ പകർപ്പ് ലഭ്യമായത് പരിശോധിച്ചതിൽ ആകെ 16 ഗുണഭോക്താക്കൾ മാത്രമാണ് ഹാജർ മാർക്ക് ചെയ്തിട്ടുള്ളത്. പലരും തുടർച്ചയായി പങ്കെടുത്തിട്ടുമില്ല. മാത്രമല്ല പരിശീലന പരിപാടിക്കായി ഒരാൾക്ക് 800 രൂപ നിരക്കിൽ 30 പഠിതാക്കൾക്കായി ₹24000 IHRD ക്ക് കൈമാറിയിട്ടുമുണ്ട്.
4. IHRDക്ക് പണം കൈമാറിയിട്ടുണ്ടെങ്കിലും പരിശീലകർ ആരെന്നോ പരിശീലന മോഡ്യൂൾ എന്തൊക്കെയെന്നോ വിശദമാക്കുന്ന ഷെഡ്യൂൾ ലഭ്യമല്ല.
5. ഒരാൾക്ക് 800/- നിരക്കിൽ അമ്പത് ഗുണഭോക്താക്കൾക്ക് അടവാക്കേണ്ട ₹40000 രൂപയാണ് പ്രോജക്ട് അടങ്കൽ ആയി നിശ്ചയിച്ചിരുന്നതെങ്കിലും 30 പഠിതാക്കൾക്കുള്ള തുക അടവാക്കിയത് കൂടാതെ ഭക്ഷണവും വെള്ളവും നൽകിയതിന് ₹11000/-യും ഹാൾ വാടകയിനത്തിൽ ₹5000/-യും ചെലവഴിച്ചിട്ടുണ്ട്. ഈ ചെലവുകൾ പ്രോജക്ടിൽ ഉൾപ്പെടുന്നില്ല.
6. പരിശീലനപരിപാടി സംബന്ധിച്ച മോണിട്ടറിങ്ങ് റിപ്പോർട്ട് ലഭ്യമല്ല.

മേൽ പരാമർശങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/08.11.2023) മറുപടിയോ രേഖകളോ ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളാൽ ₹40,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 തെരുവു വിളക്ക് പരിപാലനം - അപാകതകൾ

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | തെരുവുവിളക്ക് പരിപാലനം (എസ്.0004/23) | |
| അടങ്കൽ | ₹3,53,360/- (ധനകാര്യ ഈ സാഹചര്യത്തിൽ പരാമർശങ്ങളുടെ സാധൂകരണത്തിന് വിധേയമായി കമ്മീഷൻ ഗ്രാന്റ്) | |
| ചെലവ് വിവരം | ₹1,09,092 | XVFC/2022-23/P/24/9.2.23 |
| | ₹90,836 | XVFC/2022-23/P/34/25.3.23 |
| | ₹1,99,928 | |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത്. |

ഗ്രാമപഞ്ചായത്തിലെ വിവിധയിനം തെരുവുവിളക്കുകൾ 2022-23 വർഷത്തേക്ക് മെയിന്റനൻസ് നടത്തിയതിന്റെ ഭാഗമായി M/s EN Three Enterprises എന്ന സ്ഥാപനത്തിനാണ് തുക നൽകിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച താഴെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. തെരുവുവിളക്കുകളുടെ പരിപാലത്തിനായി SC.2/345/222/AMC/19.10.2022 പ്രകാരമുള്ള ടെണ്ടർ നടത്തിയിട്ടുണ്ട്. ഇതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയത് M/s EN Three Enterprises എന്ന സ്ഥാപനമാണ്. എന്നാൽ ഈ സ്ഥാപനത്തെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് കരാറുകാരന് വർക്ക് ഓർഡർ നൽകിയതായി കാണുന്നില്ല.

2. കരാർ അപൂർണ്ണം: M/s EN Three Enterprises എന്ന സ്ഥാപനവുമായി ഏർപ്പെട്ടിട്ടുള്ള കരാർ പൂർണ്ണമല്ല. ശൂന്യമായ മുദ്രപ്പത്രം മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഇതിൽ കരാർ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ സ്ഥാപനവും ഗ്രാമപഞ്ചായത്തും അംഗീകരിച്ച് ഒപ്പിട്ടിട്ടില്ല.

3. ഗ്രാമപഞ്ചായത്തിലെ വിവിധയിനം തെരുവ് വിളക്കുകളുടെ സ്ഥാനവും എണ്ണവും ഉൾപ്പെടുത്തി തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

4. ടെണ്ടർ ഷെഡ്യൂൾ പ്രകാരം അംഗീകരിച്ചതിൽ നിന്നും വ്യത്യസ്ഥമായി മെയിന്റനൻസ് നടത്തിയിട്ടുണ്ട്.

| ടെണ്ടർ ഷെഡ്യൂൾ പ്രകാരം അംഗീകരിച്ചത് | | | |
|---|---|---|---|
| ഇനം | എണ്ണം | നിരക്ക് | തുക |
| സിംഗിൾ ട്യൂബ് | 40 | ₹60 | ₹2400 |
| ഡബിൾ ട്യൂബ് | 58 | ₹65 | ₹3770 |
| ഡബിൾ സി.എഫ്.എൽ | 12 | ₹60 | ₹720 |
| സിംഗിൾ LED 9 W | 338 | 190 | ₹64220 |
| ഡബിൾ LED 24 W | 298 | 330 | ₹98340 |
| ആകെ | | | ₹169450 |
| CGST 9% | | | ₹15251 |
| SGST 9% | | | ₹15251 |
| ആകെ | | | ₹199952 |

| പ്രവൃത്തി ചെയ്ത് ബിൽ നൽകിയത് | | | | | |
|---|---|---|---|---|---|
| ഇനം | ആദ്യ ബിൽ | | രണ്ടാം ബിൽ | | വിശദീകരണം |
| | എണ്ണം X നിരക്ക് | തുക | എണ്ണം X നിരക്ക് | തുക | |
| സിംഗിൾ LED 9 W | 68x190 | ₹12920 | 63X190 | ₹11970 | ആകെ കരാർ ചെയ്ത എണ്ണം 338 ആണ്. ഇതിൽ 131 എണ്ണമാണ് മെയിന്റനൻസ് ചെയ്തിട്ടുള്ളത് |
| ഡബിൾ LED 24 W | 241x330 | ₹79530 | 197X330 | ₹65010 | ആകെ കരാർ ചെയ്ത എണ്ണം 298 ആണ്. എന്നാൽ 438 എണ്ണമാണ് മെയിന്റനൻസ് ചെയ്തതായി കാണിച്ചിട്ടുള്ളത്. അതായത് കരാർ ചെയ്യപ്പെട്ടതിലും 140 എണ്ണമാണ് അധികമായി ചെയ്തിട്ടുള്ളത്. |

കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സിംഗിൾ ട്യൂബ്, ഡബിൾ ട്യൂബ്, ഡബിൾ സി.എഫ്.എൽ. എന്നിവ മെയിന്റനൻസ് നടത്തിയിട്ടില്ല. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വിളക്കുകൾ മെയിന്റനൻസ് നടത്താതെയോ ഭാഗികമായി മാത്രം നടത്തുകയോ ചെയ്തശേഷം ഏറ്റവും കൂടുതൽ നിരക്കുള്ള ഇനം കരാറിൽ അംഗീകരിച്ചതിനേക്കാൾ കൂടുതൽ മെയിന്റനൻസ് നടത്തി കരാർ തുകയിലേക്ക് എത്തിക്കുകയാണ് ചെയ്തിട്ടുള്ളത്.

5. കരാറുകാരന് ബിൽതുക നൽകിയപ്പോൾ ആദായനികുതിനിയമം 194c പ്രകാരം ഉത്ഭവത്തിൽ കുറവ് ചെയ്തിട്ടില്ല. രണ്ട് ബില്ലുകളിലായി ജി.എസ്.ടി. കൂടാതെ ₹169430/- കരാറുകാരന് നൽകിയിട്ടുണ്ട്. ₹1694/- ആദായനികുതി കുറവ് ചെയ്യേണ്ടതായിരുന്നെങ്കിലും ആയത് കുറവ് ചെയ്തിട്ടില്ല. ഈ തുക ഈടാക്കി അടവാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് രേഖകൾ / വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/08.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ₹1,99,928/- ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം - ഒന്നാം ഘട്ടപ്രവർത്തനങ്ങൾ പൂർത്തീകരിച്ചില്ല.

സ.ഉ.(സാധാ) 2307/2021/ത.സ്വ.ഭ.വ./18.11.2021 നമ്പർ ഉത്തരവ് പ്രകാരം സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിതകർമ്മ സേനകൾക്ക് സ്മാർട്ട് ഫോൺ, ഓഫീസ് ആവശ്യത്തിന് ലാപ്പ്ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവ്വീസ് ചാർജ്ജ് നൽകുന്നതിനും വേണ്ടി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ കടമക്കുടി ഗ്രാമപഞ്ചായത്തിൽ 2021-22, 2022-23 എന്നീ വർഷങ്ങളിലായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പ്രകാരം താഴെ ചേർക്കുന്ന തുകകൾ വിനിയോഗിച്ചിട്ടുണ്ട്.

| പ്രോജക്ട് നം. | ചെലവഴിച്ച തുക | ചെലവിന്റെ വിവരം |
|---|---|---|
| എസ്.0157/22 | ₹ 1,42,900 | ബിൽ നം. 0/22.03.2022 പ്രകാരം സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് ആപ്പ് പ്രവർത്തനത്തിന്റെ പ്രാരംഭത്തിൽ സ്ഥാപനത്തെ സഹായിക്കുന്നതിനായി കെൽട്രോൺ ആറ് മാസത്തേക്ക് നിയോഗിക്കുന്ന സാങ്കേതിക വിദഗ്ധർക്കുള്ള ചാർജ്ജ്, ആറ് മാസത്തേക്കുള്ള എസ്.എം.എസ്.ചാർജ്ജ് എന്നിവയ്ക്കായി കെൽട്രോണിനു നൽകിയ തുക. |
| എസ്.0026/23 | ₹57,100 | ക്യൂ ആർ കോഡ്, ലാപ്പ്ടോപ്പ് എന്നിവ നൽകിയതിന് കെൽട്രോണിന് നൽകിയ തുക. വൌച്ചർ നമ്പർ XVFC/2022-23/P/6/6.7.22 |
| എസ്.0057/23 | ₹49,602 | 3307എണ്ണം ക്യൂ ആർ കോഡ് പതിപ്പിച്ചതിന് ഒന്നിന് 15 രൂപ നിരക്കിൽ ഹരിതകർമ്മ സേനാംഗങ്ങൾക്ക് നൽകിയ തുക. ബിൽ നമ്പർ 0/13.3.23. |
| ആകെ | ₹2,49,602 | |

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ശുചിത്വ മിഷന്റെയും ഹരിത കേരള മിഷന്റെയും മേൽനോട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ തദ്ദേശ സ്ഥാപനതലം മുതൽ സംസ്ഥാന തലം വരെയുള്ള ഏകീകൃത നിരീക്ഷണത്തിനായി തയ്യാറാക്കിയ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന മാർഗ്ഗരേഖ 26.09.2022 ലെ സ.ഉ.(സാധാ)2341/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഇത് നടപ്പിലാക്കുന്നതിനായി നിർവ്വഹണം നടത്തിയിട്ടുള്ള പ്രോജക്ടുകൾ സംബന്ധിച്ച് താഴെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1. ആകെ 3307വീടുകൾ /സ്ഥാപനങ്ങളിൽ മാത്രമാണ് ക്യൂ ആർ കോഡ് പതിപ്പിക്കൽ, കസ്റ്റമർ എൻറോൾമെന്റ് എന്നിവ നടത്തിയിട്ടുള്ളതായി കാണുന്നുള്ളൂ. ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകൾ /സ്ഥാപനങ്ങളിലും ഈ പ്രവർത്തനം ഇതിനോടകം പൂർത്തീകരിച്ചിട്ടില്ല.
2. ആരോഗ്യസ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാന്റെ അദ്ധ്യക്ഷതയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ, സി.ഡി.എസ്.ചെയർപേഴ്സൺ, ഓക്സിലറി ഗ്രൂപ്പ് കോ ഓർഡിനേറ്റർ, കൺസോർഷ്യം ഭാരവാഹികൾ തുടങ്ങിയവരുമായി കൂടിയാലോചന നടത്തി ക്യൂ ആർ കോഡ് പതിപ്പിക്കലിനും വിവരശേഖരണത്തിനും രൂപരേഖ തയ്യാറാക്കി ബന്ധപ്പെട്ട ആളുകളെ ചുമതലപ്പെടുത്തിയതിന്റെ രേഖകൾ ലഭ്യമല്ല.
3. ഹരിതകർമ്മസേനാഗംങ്ങൾക്ക് സ്മാർട്ട് ഫോൺ ലഭ്യമാക്കുന്നതിനായും അവരെ പരിശീലിപ്പിക്കുന്നതിനായും സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.
4. 2022 ഒക്ടോബർ 30 നകം ഹരിതമിത്രം ഒന്നാം ഘട്ട പ്രവർത്തന പൂർത്തീകരണ പ്രഖ്യാപനം നടത്തിയിട്ടില്ല.
5. നിലവിൽ ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം എപ്രകാരം ആണ് പ്രവർത്തിക്കുന്നവെന്നും പ്രസ്തുത മോണിട്ടറിങ്ങിനായി ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്നുമുള്ള റിപ്പോർട്ടും പ്രസ്തുത പ്രോജക്ട് നിർവ്വഹണം ബന്ധപ്പെട്ട മോണിട്ടറിങ്ങ് സമിതി ഓരോ ഘട്ടത്തിലും വിലയിരുത്തിയിട്ടുണ്ടെങ്കിൽ അതുസംബന്ധിച്ച മോണിട്ടറിങ്ങ് റിപ്പോർട്ടും ലഭ്യമല്ല.

ഈ അപാകതകൾ സംബന്ധിച്ച് വിശദീകരണം/ രേഖകൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ആയവ ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റത്തിനായി തൻവർഷം വിനിയോഗിച്ച ₹1,06,702/-യുടെ ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 വാതിൽപടി സേവനം - നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വാതിൽപടി സേവനം (എസ്.154/23) |
| അടങ്കൽ | ₹48795 (വികസന ഫണ്ട് ജനറൽ) |
| ചെലവ് വിവരം | ₹48795 (വികസന ഫണ്ട് ജനറൽ)<br>ബിൽ. 55155/7.2.23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത്. |

വാതിൽപ്പടി സേവനം നൽകുന്നതിന്റെ ഭാഗമായി M/s. KM Technologies എന്ന സ്ഥാപനത്തിൽ നിന്നും ഒരു ലാപ്ടോപ്പ് വാങ്ങിയ ഇനത്തിലുള്ള ചെലവാണ് ഈ പ്രോജക്ടിന്റെ ഭാഗമായി നൽകിയിട്ടുള്ളത്.

പ്രായാധിക്യം, ഗുരുതരരോഗം, അതിദാരിദ്ര്യം തുടങ്ങിയ പലവിധ കാരണത്താൽ അവശത അനുഭവിക്കുന്നവരുടെയും അറിവില്ലായ്മയും മറ്റ് നിസ്സഹായാവസ്ഥകളും മൂലം സർക്കാർ സേവനങ്ങൾ യഥാസമയം കൃത്യമായി ലഭിക്കാതിരിക്കുന്ന ജനങ്ങളുടെ അടുത്തേക്ക് സർക്കാർ സേവനങ്ങൾ

എത്തിച്ചുനൽകുന്നത് ലക്ഷ്യമിട്ട് ആരംഭിച്ചിട്ടുള്ള ഒരു പദ്ധതിയാണ് വാതിൽപടി സേവനം. ഇത് സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ സ.ഉ.(സാധാ) 1066/2021/ ത.സ്വ.ഭ.വ./ 31.05.2021 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാതിൽപടി സേവനം നടപ്പിലാക്കുന്നതിനായി മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച രേഖകൾ ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/9.11.23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സേവനാവകാശികളുടെ ലിസ്റ്റ്.

ഗ്രാമപഞ്ചായത്തിന്റെ 27.01.2023 ലെ 1/1 -ാം നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിൽ വാതിൽപ്പടി സേവനം ലഭ്യമാക്കേണ്ട 24 ഗുണഭോക്താക്കളെ അംഗീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഏകോപന കമ്മിറ്റി.

ഗ്രാമപഞ്ചായത്ത് തലത്തിൽ ഈ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഒരു 9 അംഗ കമ്മിറ്റിയെ രൂപീകരിച്ചുകൊണ്ടും പ്രവർത്തനങ്ങൾ ജനകീയമായി നടപ്പിലാക്കുന്നതിന് കോ ഓഡിനേറ്ററായി ഐ.സി.ഡി.എസ്. സൂപ്പർവൈസറെ നിയമിച്ചുകൊണ്ടും പഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ടെന്ന് അറിയിച്ചു (25.3.2022 ലെ 6/1 -ാം നമ്പർ തീരുമാനം). സർക്കാർ നിർദ്ദേശപ്രകാരം ഏകോപന സമിതിയിൽ 15 അംഗങ്ങളാണ് ഉണ്ടാകേണ്ടത്.

ധനകാര്യം.

വാതിൽപ്പടി സേവനങ്ങൾക്കായുള്ള ധനം കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റിന്റെയും ഐ.സി.ഡി.എസ്.സൂപ്പർവൈസറുടെയും പേരിൽ യൂണിയൻ ബാങ്കിൽ ആരംഭിച്ചിട്ടുള്ള സംയുക്ത ബാങ്ക് അക്കൗണ്ട് ( നം. 732902010003695) പാസ് ബുക്കിന്റെ പകർപ്പ് ലഭ്യമാക്കി. ഈ അക്കൗണ്ടിൽ തുകയൊന്നും തന്നെ ലഭ്യമായിട്ടില്ല.

പഞ്ചായത്ത് റിവ്യൂ റിപ്പോർട്ട്.

വാതിൽപ്പടി സേവന പ്രവർത്തനങ്ങൾ സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ റിവ്യൂ റിപ്പോർട്ട് പരിശോധനയ്ക്ക് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമല്ല എന്നാണ് അറിയിച്ചിട്ടുള്ളത്.

ഐഡന്റിറ്റി കം മോണിട്ടറിങ് കാർഡ്.

ഓരോ ഗുണഭോക്താവിനും നിശ്ചയിക്കപ്പെട്ട സേവനങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിനായി 130 ഐഡന്റിറ്റി കം മോണിട്ടറിങ് കാർഡുകൾ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഇവ മെമ്പർമാർ മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയത് വിതരണം ചെയ്ത് ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. 130 കാർഡുകളും നിലവിൽ ഗ്രാമപഞ്ചായത്തിൽ തന്നെയാണ് സൂക്ഷിച്ചിട്ടുള്ളത്. ഈ പ്രവർത്തനങ്ങൾക്കായി വാങ്ങിയിട്ടുള്ള വാതിൽപ്പടി രസീത് ബുക്ക്, ജീവൻരക്ഷാ മരുന്ന് സ്റ്റോക്ക് രജിസ്റ്റർ, സർവ്വീസ് ഡെലിവറി രജിസ്റ്റർ തുടങ്ങിയവ ഉപയോഗിക്കാതെ ഓഫീസിൽ സൂക്ഷിക്കുന്നു. മേൽ വിവരിച്ച കാരണങ്ങളാൽ ഗ്രാമപഞ്ചായത്തിൽ വാതിൽപ്പടി സേവനങ്ങൾ സർക്കാർ നിർദ്ദേശിച്ച പ്രകാരം നൽകിത്തുടങ്ങിയിട്ടില്ല എന്ന് അനുമാനിക്കുന്നു.

വാതിൽപ്പടി സേവനങ്ങൾ സർക്കാർ നിർദ്ദേശിച്ച പ്രകാരം നടപ്പിലാക്കി റിപ്പോർട്ട് ചെയ്യുന്നതിന് വിധേയമായി ₹48795/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 ഹോമിയോ ഡിസ്പെൻസറി മരുന്ന് ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | എസ്.0040/23 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹ 150000.00 സംരക്ഷണ ഗ്രാന്റ് (റോഡിതരം) |
| ചെലവ് വിവരം | ₹150000.00 സംരക്ഷണ ഗ്രാന്റ് (റോഡിതരം)<br>TRN 2211010...017030/ 5.11.22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിന് പ്രൊഫോർമ ഇൻവോയ്സ് നം. PF. 255/26.08.22 പ്രകാരം ₹150000/- മെസേഴ്സ് ഹോംകോയ്ക്ക് മുൻകൂർ നൽകിയിട്ടുണ്ട്. മരുന്ന് സപ്ലൈ ചെയ്യുന്നത് സംബന്ധിച്ച് മെസേഴ്സ് ഹോംകോയും നിർവ്വഹണ ഉദ്യോഗസ്ഥയുമായി 23.12.2022 ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് അപാകതകൾ താഴെ ചേർക്കുന്നു.

1. മരുന്ന് സപ്ലൈ ചെയ്യുന്നതിനായി ഒരു ലക്ഷം രൂപ മുൻകൂറായി 5.11.2022ന് മെസേഴ്സ് ഹോംകോയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും 23.12.2022 ൽ മാത്രമാണ് കരാറിൽ (HCO/SA/301/22/23.12.2022) ഏർപ്പെട്ടിട്ടുള്ളത്.
2. മുൻകൂറായി പണം നൽകിയെങ്കിലും ഓഡിറ്റ് തീയതിയിലും മരുന്നൊന്നും ലഭ്യമായിട്ടില്ല.
3. ഒമ്പത് മാസത്തിനകം ഹോംകോ മരുന്ന് സപ്ലൈ ചെയ്യണമെന്നും അല്ലാത്ത പക്ഷം ടി സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കാമെന്നും കരാറിൽ വ്യവസ്ഥയുണ്ട്. എന്നാൽ നാളിതുവരെ ഈ സ്ഥാപനത്തിനെതിരെ നിർവ്വഹണ ഉദ്യോഗസ്ഥയോ ഗ്രാമപഞ്ചായത്തോ നടപടികൾ ഒന്നും

തന്നെ സ്വീകരിച്ചിട്ടില്ല.

4. പണം മുൻകൂർ നൽകിയിട്ടും മരുന്നുകൾ യഥാസമയം ലഭ്യമാകാത്ത സാഹചര്യത്തിൽ രോഗികളായ ഗുണഭോക്താക്കൾക്ക് യഥാസമയം ചികിത്സ ലഭ്യമാക്കുന്നതിന് വിഘാതമായിട്ടുണ്ട് എന്ന് കാണുന്നു. യഥാസമയം മരുന്ന് ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയും പഞ്ചായത്തിന്റെ ആരോഗ്യകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയും, നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടില്ല.

മേൽ വിവരിച്ച പരാമർശങ്ങൾ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.05/07.11.2023) മരുന്ന് ലഭ്യമാക്കുന്നതിന് ഹോംകോയിൽ കത്ത് മുഖാന്തിരവും ഫോൺ മുഖാന്തിരവും ഓർമ്മപ്പെടുത്തിയിട്ടുണ്ടെന്നും നവംബർ മാസത്തിൽ തന്നെ മരുന്ന് സപ്ലൈ ചെയ്യാമെന്ന് അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കരാർ പ്രകാരമുള്ള സമയത്തിനകം മരുന്ന് സപ്ലൈ ചെയ്യാത്തതിന് നടപടി സ്വീകരിക്കേണ്ടതാണ്. മുൻകൂർ നൽകിയ തുകയ്ക്കുള്ള മരുന്ന് എത്രയും വേഗം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ആരോഗ്യകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധയിലേക്ക് ശുപാർശ ചെയ്യുന്നു. ₹150,000 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 അംഗീകൃത ബില്ലില്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി നല്കി

| | | | |
|---|---|---|---|
| പ്രോജക്ട് നം | 0001/2023 | | |
| പ്രോജക്ടിന്റെ പേര് | പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ | | |
| അടങ്കൽ,ഫണ്ട് | ധനകാര്യകമ്മീഷൻ ,₹300000/- | | |
| ചെലവ് | ബിൽ നം | തീയതി | തുക |
| | XVFC/22-23/P/18 | 24.12.2022 | ₹49510 |
| | XVFC/22-23/P/35 | 25.03.2023 | ₹50000 |
| | XVFC/22-23/P/37 | 25.03.2023 | ₹5000 |
| | XVFC/22-23/P/36 | 25.03.2023 | ₹1600 |
| | XVFC/22-23/P/39 | 26.03.2023 | ₹9720 |
| | XVFC/22-23/P/38 | 25.03.2023 | ₹26950 |
| | XVFC/22-23/P/52 | 26.03.2023 | ₹16000 |
| | XVFC/22-23/P/45 | 26.03.2023 | ₹99381 |
| | XVFC/22-23/P/56 | 30.03.2023 | ₹30039 |
| | XVFC/22-23/P/50 | 30.03.2023 | ₹11800 |
| | ആകെ | | ₹300,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി,പിഴല | | |

മേൽ പ്രോജക്ട് പ്രകാരം പി.എച്ച്.സി,പിഴലയുടെ പൊതുജനാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി അക്രലിക് ബോർഡ്, ദിശ ബോർഡുകൾ, ഐ.ഇ.സി ബോർഡുകൾ എന്നിവ പ്രിന്റിംങ് ചെയ്യുന്നതിന്റെ ചെലവുകൾക്കായി ഓഡിറ്റ് വർഷം ₹30039/- ഷീബാസ് അഡ്വടൈസിംങ് &സ്റ്റുഡിയോ എടവനക്കാട് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട് .എന്നാൽ ഈ സ്ഥാപനം നല്കിയിട്ടുള്ള ബില്ലിൽ ജി.എസ്.ടി.രജിസ്ട്രേഷൻ നമ്പർ ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടില്ല. 2017 ലെ ജി.എസ്.ടി റൂൾ 46പ്രകാരമുള്ള ബില്ലുകൾക്കാണ് ജി.എസ്.ടി അനുവദിക്കേണ്ടത്. എന്നാൽ സ്ഥാപനത്തിന്റെ ജി.എസ്.ടി നമ്പറോ,ശരിയായ ഇൻവോയ്സ് നമ്പറോ ഇല്ലാത്ത ബില്ലിലാണ് ₹4644/- ജി.എസ്.ടി അനുവദിച്ചിട്ടുള്ളത്. 2017 ലെ സി.ജി.എസ്.ടി റൂൾ 46 ന് വിരുദ്ധമായി തുക അനുവദിച്ചതിന് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 13.11.2023 ൽ നല്കിയ 42ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അധികം നല്കിയ ജി.എസ്.ടി തുകയായ ₹4644/- പ്രസ്തുത സ്ഥാപനത്തിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ അടവാക്കേണ്ടതാണ്. ആയതുവരെ ഈയിനത്തിൽ ചെലവഴിച്ച ₹4644/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന

## 1-34 ക്രിമറ്റോറിയം നിർമ്മാണം -സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 41/2023 |
| അടങ്കൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ് - ₹ 24,99,300/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം-₹23,00,000/- |
| ചെലവ് | ധനകാര്യകമ്മീഷൻ ഗ്രാന്റ് - ₹ 21,72,447/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം -₹0 |

| | |
|---|---|
| വൗച്ചർ | XVFC/2022-23/P43 Dtd 29/03/23-₹ 21,00,000/- XVFC/2022-23/P44 Dtd 29/03/23-₹72,447/- |

ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന ക്രിമറ്റോറിയത്തിന്റെ സ്ഥാനത്ത് ഗ്യാസ് അധിഷ്ഠിത ആധുനിക ക്രിമിറ്റോറിയം നിർമ്മിക്കുന്നതിന് തയ്യാറാക്കിയ പ്രോജക്ട് പ്രകാരം ആകെ അടങ്കലായ ₹47,99,300/- ൽ ₹21,72,447/- 2022-23 ൽ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിലെ ക്രിമറ്റോറിയം നിർമ്മാണവുമായി ബന്ധപ്പെട്ട മുഴുവൻ പ്രവൃത്തികളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നേടിയിട്ടില്ല. പദ്ധതിയുടെ പൂർണ്ണമായ രൂപം തയ്യാറാക്കാതെ ഫണ്ട് ലഭ്യമാകുന്നത് പ്രകാരം ഓരോ ഘട്ടത്തിനും എസ്റ്റിമേറ്റ് തയ്യാറാക്കി തുക ചെലവഴിക്കുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഇത് അനാവശ്യമായ കാലതാമസത്തിലും അധികച്ചെലവിനും കാരണമാകുന്നു.

2. ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്തുകളുടെ സംയുക്ത പദ്ധതിയായിട്ടും ഇങ്ങനെയുള്ള പദ്ധതികൾക്ക് സർക്കാർ മാർഗ്ഗരേഖപ്രകാരം കരാർ നിർബന്ധമാക്കിയിട്ടുള്ളതാണ്. ഈ പ്രോജക്ടിൽ സ്ഥാപനങ്ങൾ കരാറിൽ ഏർപ്പെട്ടിട്ടില്ല.

3. ക്രിമറ്റോറിയം കെട്ടിടത്തിന്റെ നിർമ്മാണം 2021-22 ൽ 33 ലക്ഷം രൂപ ചെലവിൽ ജില്ലാ പഞ്ചായത്ത് ഫണ്ടിൽ നിന്നുമാണ് നടത്തിയിരുന്നത്. ഇതിന്റെ തുടർ പ്രവർത്തനങ്ങളും പ്ലംബിംഗ്, പെയിന്റിംഗ്, ചുറ്റമതിൽ നിർമ്മാണവുമാണ് ഗ്രാമപഞ്ചായത്ത് പ്രോജക്ടിൽ നിന്നും നടത്തിയത്. പദ്ധതിയുടെ ഇലക്ട്രിക് , ജനറേറ്റർ വർക്കുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമാണ് വകയിരുത്തിയിരുന്നത്. ഇതിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം നാളിതുവരെ വിനിയോഗിച്ചിട്ടില്ല. ഓരോഘട്ടവും വ്യത്യസ്ത സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനാൽ ഏതെങ്കിലും ഘട്ടത്തിൽ വരുന്ന കാലതാമസം മറ്റ് പദ്ധതി പ്രവർത്തനങ്ങളെയാകെ വൈകിപ്പിക്കുന്നതിനും പ്രോജക്ട് മുഴുവനായി നീണ്ടുപോകുന്നതിനും അതുവഴി വകയിരുത്തിയ തുകയിൽ ചെലവ് അധികരിക്കുന്നതിനും കാരണമാകുന്നു.

4. ഗ്യാസ് ക്രിമറ്റോറിയവുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട ഗ്യാസ് ചേംബർ, ബർണർ, എക്സ്ഹോസ്റ്റ് (ചിമ്മിണി), കൺട്രോൾ പാനൽ, മോണിറ്റർ എന്നിവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ഫണ്ട് വകയിരുത്തുകയോ ടെണ്ടർ ചെയ്യുകയോ ചെയ്തിട്ടില്ല.

5. ക്രിമറ്റോറിയം പ്രവർത്തിപ്പിക്കുവാനുള്ള അടിസ്ഥാന ഘടകമായ ഫർണസ് സംവിധാനം, അതിനുള്ള അനുമതികൾ എന്നിവ ഉറപ്പാക്കാതെ കെട്ടിടനിർമ്മാണത്തിന് മാത്രമായി തുക ചെലവഴിച്ചതിനാൽ ഇതുവരെ ചെലവഴിച്ച തുക കെട്ടിടനിർമ്മാണം മാത്രമായി ഒതുങ്ങി നിഷ്ക്രിയാവസ്ഥയിലായ സ്ഥിതിയുണ്ട്.കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളാകട്ടെ പൂർത്തീകരിച്ചിട്ടുമില്ല.

6. ക്രിമറ്റോറിയം നിർമ്മാണം സംബന്ധിച്ച ചെലവുകൾക്ക് കേന്ദ്രീകൃത സ്വഭാവമില്ല. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിങ്ങനെ പല സ്ഥാപനങ്ങളിലായാണ് സിവിൽ വർക്കുകളുൾപ്പടെയുള്ള പ്രവൃത്തികളുടെ ചെലവ് നടക്കുന്നത്. ഒരു തദ്ദേശസ്ഥാപനം നടത്തിയ പ്രവൃത്തിയുടെ എസ്റ്റിമേറ്റോ ചെലവിന്റെ വിശദാംശങ്ങളോ തുടർപ്രവൃത്തികൾ നടത്തുന്ന മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ ലഭ്യമല്ല. സിവിൽ വർക്കുകൾ പോലും രണ്ട് സ്ഥാപനങ്ങളും ചെയ്യുന്ന സ്ഥിതിയിൽ ചെലവുകളിലെ കൃത്യത പരിശോധിക്കാൻ സാധിക്കാത്ത സ്ഥിതിയുണ്ട്.

7. ക്രിമറ്റോറിയം നിർമ്മാണം എന്ന പ്രോജക്ടിൽ നിലവിൽ പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. സിവിൽ വർക്കുകളിൽ ഗ്രാമപഞ്ചായത്ത് പ്രോജക്ടിലെ തന്നെ ലാൻഡ്സ്കേപ്പിംഗ് പോലുള്ള പ്രവൃത്തികൾ ഇനിയും ബാക്കിയാണ്. അതോടൊപ്പം പ്ലമ്പിംഗ്, ഇലക്ട്രിക്കൽ, ഫർണ്ണസ് എന്നി പ്രവൃത്തികളും നടപ്പാക്കിയിട്ടില്ല. പ്രോജക്ട് അനന്തമായി നീണ്ടുപോയി ആത്യന്തിക ലക്ഷ്യം കൈവരിക്കാത്ത സ്ഥിതിയുണ്ട്.

8. പദ്ധതി സമയബന്ധിതമായി തീർപ്പാക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ല.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-40 തിയതി 13/11/2023) നൽകിയ മറുപടിയിൽ പദ്ധതിയുടെ ബാക്കി പ്രവർത്തനങ്ങൾക്ക് എം.എൽ.എ ഫണ്ടുൾപ്പടെ തുക കണ്ടെത്തിയിട്ടുണ്ടെന്നും ടെണ്ടർ നടപടികൾ നടന്നുവരുന്നതായും അറിയിച്ചിട്ടുണ്ട്. 55 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ച പ്രോജക്ട് നിഷ്ക്രിയാവസ്ഥയിൽ തുടരുന്നത് ഒഴിവാക്കുന്നതിനും ഗ്രാമപഞ്ചായത്ത് പ്രോജക്ടിൽ എഗ്രിമെന്റ് കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കുന്നതിനും ബാക്കി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-35 കോക്ലിയാർ ഇംപ്ലാന്റ് മെയിന്റനൻസ് - വിനിയോഗവിവരം ലഭ്യമല്ല.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ "കോക്ലിയാർ ഇംപ്ലാന്റ് മെയിന്റനൻസ് (എസ്.0161/23)" എന്ന പ്രോജക്ടിന്റെ ഭാഗമായി കാർത്തിക് എന്ന ഗുണഭോക്താവിനായി കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിൽ അടവാക്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| പ്രോജക്ട് | ചെലവ് തുക | ബിൽ | ഫണ്ടിനം |
|---|---|---|---|
| കോക്ലിയാർ ഇംപ്ലാന്റ് മെയിന്റനൻസ് (എസ്.0161/23) | ₹50,000 | 35151/ 14.9.22 | വികസന ഫണ്ട് ജനറൽ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്നതിനായി സോഷ്യൽ സെക്യൂരിറ്റി മിഷന് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്കായി ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇതിന് വിധേയമായി ₹50,000/- ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-36 നിക്ഷേപ പ്രവൃത്തികൾ- പൂർത്തീകരിച്ചിട്ടില്ല.

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളുടെ ഭാഗമായി കെ.എസ്.ഇ.ബി., ജലഅതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ പണം നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ സഹിതം ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായതായി കാണുന്നില്ല. മാത്രമല്ല ഈ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടാതെയാണ് നിക്ഷേപ പ്രവൃത്തികൾക്ക് മുൻകൂർ തുക നൽകിയിട്ടുള്ളത്. പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരം താഴെ ചേർക്കുന്നു.

| സ്ഥാപനം | പ്രോജക്ടിന്റെ പേര് | മുൻകൂർ നൽകിയ തുക | ബിൽ വിവരം | ഫണ്ടിനം |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | പോസ്റ്റ് മാറ്റിസ്ഥാപിക്കൽ (എസ്.0022/23) | ₹79,089 | 306602/13.7.22 | വികസന ഫണ്ട് - ജനറൽ |
| | | ₹17,849 | 524405/12.9.22 | |
| | | ആകെ ₹96,938 | | |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (എസ്.0023/23) | ₹23,600 | 669037/19.10.22 | വികസന ഫണ്ട് - ജനറൽ |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (എസ്.0117/23) | ₹61,006 | 669051/19.10.22 | വികസന ഫണ്ട് - ജനറൽ |
| | | ₹56,050 | 98007/27.1.23 | |
| | | ₹42,321 | 318156/11.3.23 | |
| | | ₹8,662 | 369131/16.3.23 | |
| | | ആകെ ₹1,68,039 | | |
| കെ.എസ്.ഇ.ബി. | പോസ്റ്റ് മാറ്റിസ്ഥാപിക്കൽ (എസ്.0116/23) | ₹53,576 | 524407/12.9.22 | വികസന ഫണ്ട് - ജനറൽ |
| | | ₹34,702 | 568469/23.9.22 | |
| | | ₹24,342 | 98001/27.1.23 | |
| | | ₹4,352 | 241108/24.2.23 | |
| | | ₹60,224 | 202856/24.2.23 | |
| | | ആകെ ₹1,77,196 | | |
| ജലഅതോറിറ്റി | കടമക്കുടി കുടിവെള്ള ശൃംഖല നവീകരണം (എസ്.0013/23) | ₹5,00,000 | 0/29.12.2022 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം. |
| | | ₹1,00,000 | XVFC/2022-23/ P/23/8.2.23 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| | | ആകെ ₹6,00,000 | | |
| | 4-ാം വാർഡിൽ കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിക്കൽ (എസ്.0005/23) | ₹2,90,000 | XVFC/2022-23 /P/40/ 26.3.2023 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ഒട്ടാകെ | | ₹13,55,773 | | |

ഈ പ്രവൃത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബിൽ സഹിതം ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരവും ഈ സ്ഥാപനങ്ങളുമായി പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് കരാറിൽ ഏർപ്പെടാതിരുന്നതിന് കാരണവും വിശദമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/ 08.11.2023) ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രവൃത്തി പൂർക്കീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വിധേയമായി ₹13,55,773/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-37 മുൻകൂർ നല്കിയിട്ടും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം | 62/23 |

| | | | |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന നിർമ്മാണം (എസ്.സി) | | |
| അടങ്കൽ ,ഫണ്ട് | ₹470000 വികസന ഫണ്ട് (എസ്.സി.പി)<br>₹1027000 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>₹1000000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹3800000 (സംസ്ഥാനാവിഷ്കൃതം)<br>₹8360248 (മറ്റുള്ളവ),ആകെ ₹14657248 | | |
| ചെലവ് വിവരം | ബിൽ നം | തീയതി | തുക |
| | 22110152012201575693 | 31.03.2023 | ₹150000 |
| | 22110152012201528706 | 01.02.2023 | ₹160000 |
| | 22110152012201360791 | 15.03.2023 | ₹80000 |
| | 22110152012201360749 | 15.03.2023 | ₹40000 |
| | 22110152012201178968 | 13.02.2023 | ₹40000 |
| | 22110152012200937731 | 21.12.2023 | ₹160000 |
| | ആകെ | | ₹630000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ, കടമക്കുടി ഗ്രാമപഞ്ചായത്ത് | | |

പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന ശ്രീമതി.ദീപ കിഷോർ, മഠത്തിൻപടിഞ്ഞാറ് വീട്.കടമക്കുടി എന്ന വ്യക്തിക്ക് ലൈഫ് ഭവനപദ്ധതിയിലുൾപ്പെടുത്തി ഭവനനിർമ്മാണത്തിനായി 20.02.2021 ൽ ₹40000/- മുൻകൂർ നല്കിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഈ ഗുണഭോക്താവ് ഇതേവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലയെന്ന് കാണുന്നു. ആയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 9.11.2023 ൽ നല്കിയ 31ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പ്രസ്തുത ഗുണഭോക്താവിന് നൽകിയ തുക തിരികെ അടവാക്കുന്നതിനായി റവന്യൂ റിക്കവറി നോട്ടീസ് നല്കിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. ഭവനനിർമ്മാണം ഇതേവരെ ആരംഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഗുണഭോക്താവിൽ നിന്ന് തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ തിരികെ അടവാക്കേണ്ടതാണ്. ആയത് രേഖകൾ സഹിതം ഓഡിറ്റിന്റെ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 1-38 ടെണ്ടർ നടപടികൾ മുഖേനയല്ലാതെ പ്രവൃത്തി നിർവ്വഹിച്ചു

| | |
|---|---|
| പ്രോജക്ട് നം. | S-0180/23 |
| പ്രോജക്ടിന്റെ പേര് | രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| അടങ്കൽ | ₹2,78027 സി.എഫ്.സി-ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | ബിൽ -112009310951,തീയതി.30.03.2023, ₹2,19,026<br>ബിൽ-112009310951,തീയതി.30.03.2023,₹59000 /-<br>ആകെ ചെലവ്- ₹2,78027 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി,പിഴല |

പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഗ്രാമപഞ്ചായത്തിന് കേന്ദ്ര ധനകാര്യ കമ്മീഷൻ ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 31.08.2022 ലെ സർക്കാർ ഉത്തരവ് (സാധാ) നം 2132/2022 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ക്രമ നം 2.3 സ്കീം 3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ-4 ( Ii) ൽ ഉപകരണങ്ങൾ,റീയേജന്റ് കിറ്റ് എന്നിവ സൂക്ഷിക്കുന്നതിനുള്ള സജ്ജീകരണം ഏർപ്പെടുത്തുന്നതിന് തുക ചെലവഴിക്കാമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ആയതനുസരിച്ച് ചുവടെ ചേർക്കുന്നതു പ്രകാരം, സ്റ്റോറേജ് സൗകര്യങ്ങൾ ARTCO.LTD, ചെറുട്ടി റോഡ്,കോഴിക്കോട്, എന്ന സ്ഥാപനം മുഖേന ടെണ്ടർ നടപടികൾ സ്വീകരിക്കാതെ വാങ്ങിയിട്ടുണ്ട് .ARTCO യുടെ വില്പന ലിസ്റ്റിൽ ഉൾപ്പെടാത്ത ഐറ്റമാണിത്. ആയത് വാങ്ങിയതിന് ചെലവായ തുക 27.03.2023 ലെ ബിൽ നം. KKD821/22-23 പ്രകാരം 2,19,102/-ARTCO യ്ക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം | ഇനം | നല്കിയ തുക |
|---|---|---|
| 1 | Bio Safety Cabinet 120x60x60 Made Of Imported Glass Fiber Paper Set With High Quality Epoxy Resin In Powder Coated Aluminium Frame Properly Anchored And Tested | ₹219102 |
| ആകെ | | ₹219102 |

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) എൽ.എസ്.ജി.ഡി.അസി.എഞ്ചിനീയറുടെ വാല്യുവേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അല്ല തുക

നൽകിയിട്ടുള്ളത്.
2) പ്രവൃത്തി ARTCO യെ ഏൽപ്പിച്ച കൊണ്ടുള്ള ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല.
3) 25-07-2017 ലെ ജി.ഒ(പി) നം.95/2017/ധന. നമ്പർ ഉത്തരവിൽ 'അക്രഡിറ്റേഷൻ ഉത്തരവുകളിൽ എൻലിസ്റ്റ് ചെയ്തിട്ടുള്ള ഏജൻസികളിൽ നിന്നും സുതാര്യവും മത്സരാധിഷ്ഠിതവുമായ ലേല നടപടികളിലൂടെയാണ് ഒരു പ്രവൃത്തിക്ക് അനുയോജ്യമായ ഏജൻസിയെ തിരഞ്ഞെടുക്കേണ്ടത്' എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി, ടെണ്ടർ നടപടി സ്വീകരിക്കാതെ ARTCOയിൽ നിന്ന് നേരിട്ടും വാല്യൂവേഷൻ റിപ്പോർട്ട് കൂടാതേയും തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്
മേൽ അപാകങ്ങൾക്ക് വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 13.11.2023 ൽ നല്കിയ 41ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച ₹219102 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-39 ഓഡിറ്റ് ഇംപാക്ട് -തുക ഈടാക്കി

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കോറംപാടം സഹകരണ ബാങ്ക് 2022-23 വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 30/9.11.2023 നൽകിയതിനെ തുടർന്ന് ₹3050/- അടവാക്കി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് നം/തീയതി | തുക |
|---|---|
| 1230101200/9.11.23 | ₹3050/- |

### 1-40 മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ തുടരുന്നു.

ഗ്രാമപഞ്ചായത്തിന്റെ 1997-98 മുതൽക്കുള്ള വിവിധ ഓഡിറ്റ് റിപ്പോർട്ടിലെ പല പരാമർശങ്ങളും തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. മുൻകാല ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡം ആകയാൽ ആയവ തീർപ്പാക്കാതെ അവശേഷിക്കപ്പെടുന്നത് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ആശാസ്യമായ സ്ഥിതിവിശേഷം അല്ല. 1997 ലെ കേരള പഞ്ചായത്ത് രാജ് ( പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ) പ്രകാരം യഥാസമയം തന്നെ ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം ഖണ്ഡിക 4-11 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയവ തീർപ്പാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2022-2023 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൌണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | ₹1,60,000 | ലൈഫ് ഭവന നിർമ്മാണം- എസ്.സി.പി. (എസ്.0062/23) | ₹1,60,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹2,25,000 | ലൈഫ് ഭവന നിർമ്മാണം- സ്ഥലം വാങ്ങൽ (എസ്.0061/23) | ₹2,25,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹15,766 | അനുപൂരക പോഷകാഹാരം (എസ്.0076/23) | ₹15,766 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹1,00,000 | ഭിന്നശേഷി ക്കാർക്ക് സഹായ ഉപകരണം (എസ്.0077/23) | ₹1,00,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹50,000 | വയോജനങ്ങൾക്ക് കട്ടിൽ (എസ്.0091/23) | ₹50,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹2,40,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം (എസ്.0092/23) | ₹2,40,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹47,000 | പാലിന് സബ്സിഡി (എസ്.0078/23) | ₹47,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹5,00,000 | മാലിന്യ നിക്ഷേപം ക്യാമറ സ്ഥാപിക്കൽ (എസ്.0011/23) | ₹5,00,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹5,00,000 | കടമക്കുടി കുടിവെള്ള പദ്ധതി നവീകരണം (എസ്.0013/23) | ₹5,00,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹6,20,000 | ലൈഫ് ഭവന നിർമ്മാണം- പൊതുവിഭാഗം (എസ്.0051/23) | ₹6,20,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹5,00,000 | കോതാട് സെന്റ് സെബാസ്റ്റ്യൻ കപ്പേള റോഡ് കട്ടവിരിക്കൽ (എസ്.0110/23) | ₹5,00,000 | - |
| ആകെ | | ₹29,57,766 | | ₹29,57,766 | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | ₹2,60,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം (എസ്.0092/23) | ₹2,60,000 | - |
| ജില്ലാ പഞ്ചായത്ത് | | ₹5,00,000 | പുതുശ്ശേരി റോഡ് അറ്റകുറ്റപ്പണി (എസ്.0110/23) | ₹5,00,000 | - |
| ജില്ലാ പഞ്ചായത്ത് | | ₹5,64,200 | മാളിയേക്കൽ റോഡ് അറ്റകുറ്റപ്പണി (എസ്.0110/23) | ₹5,64,200 | - |
| ജില്ലാ പഞ്ചായത്ത് | | ₹9,53,146 | പിഴല വനദുർഗ്ഗക്ഷേത്രം റോഡ് (എസ്.0042/23) | ₹9,53,146 | - |
| ജില്ലാ പഞ്ചായത്ത് | | ₹11,84,804 | കണ്ടനാട് ഹരിജൻ റോഡ് (എസ്.0107/23) | ₹11,84,804 | - |
| ജില്ലാ പഞ്ചായത്ത് | | ₹5,23,868 | കടമക്കുടി മെയിൻ റോഡ് കാന കവർസ്ലാബ് (എസ്.0175/23) | ₹5,23,868 | - |
| ജില്ലാ പഞ്ചായത്ത് | | ₹14,45,664 | കോരാമ്പാടം മെയിൻ റോഡ് അറ്റകുറ്റപ്പണി (എസ്.0044/23) | ₹14,45,664 | - |
| ജില്ലാ പഞ്ചായത്ത് | | ₹17,16,303 | ചേന്നൂർ പിഴല റോഡ് അറ്റകുറ്റപ്പണി (എസ്.0043/23) | ₹17,16,303 | - |
| ജില്ലാ പഞ്ചായത്ത് | | ₹36,000 | പട്ടികജാതി വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് (എസ്.0140/23) | ₹36,000 | - |
| ആകെ | | ₹71,83,985 | | ₹71,83,985 | - |

## 4-3 നിക്ഷേപ പ്രവൃത്തികളുടെ വിവരം

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള ജല അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകി വരുന്നു. ഇപ്രകാരം ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ചിട്ടുള്ള തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന

തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

എ) കേരള ജലഅതോറിറ്റി

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 22-23 | 4-ാം വാർഡിൽ കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിക്കൽ (എസ്.0005/23) | XVFC/2022-23 /P/40/ 26.3.2023 | ₹2,90,000 | 0 | ₹2,90,000 |
| 22-23 | കടമക്കുടി കുടിവെള്ള ശൃംഖല നവീകരണം (എസ്.0013/23) | 0/29.12.2022 | ₹5,00,000 | 0 | ₹5,00,000 |
| | | XVFC/2022-23/ P/23/8.2.23 | ₹1,00,000 | 0 | ₹1,00,000 |
| | | ആകെ | ₹6,00,000 | 0 | ₹6,00,000* |
| ഒട്ടാകെ | | | ₹8,90,000 | - | ₹8,90,000 |

* ഈ തുക ക്രമീകരിക്കുവാൻ ബാക്കിയുള്ളതായി B.18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 22-23 | പോസ്റ്റ് മാറ്റിസ്ഥാപിക്കൽ (എസ്.0022/23) | 306602/13.7.22 | ₹79,089 | 0 | ₹79,089 |
| | | 524405/12.9.22 | ₹17,849 | 0 | ₹17,849 |
| | | ആകെ | ₹96,938 | 0 | ₹96,938 |
| 22-23 | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (എസ്.0117/23) | 669051/19.10.22 | ₹61,006 | 0 | ₹61,006 |
| | | 98007/27.1.23 | ₹56,050 | 0 | ₹56,050 |
| | | 318156/11.3.23 | ₹42,321 | 0 | ₹42,321 |
| | | 369131/16.3.23 | ₹8,662 | 0 | ₹8,662 |
| | | ആകെ | ₹1,68,039 | 0 | ₹1,68,039 |
| 22-23 | പോസ്റ്റ് മാറ്റിസ്ഥാപിക്കൽ (എസ്.0116/23) | 524407/12.9.22 | ₹53,576 | 0 | ₹53,576 |
| | | 568469/23.9.22 | ₹34,702 | 0 | ₹34,702 |

| | | | | | |
|---|---|---|---|---|---|
| | | 98001/27.1.23 | ₹24,342 | 0 | ₹24,342 |
| | | 241108/24.2.23 | ₹4,352 | 0 | ₹4,352 |
| | | 202856/24.2.23 | ₹60,224 | 0 | ₹60,224 |
| | | ആകെ | ₹1,77,196 | 0 | ₹1,77,196 |
| 22-23 | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (എസ്.0023/23) | 669037/19.10.22 | ₹23,600 | 0 | ₹23,600 |
| ഒട്ടാകെ | | | ₹4,65,773 | 0 | ₹4,65,773 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് ഗ്രാമപഞ്ചായത്ത് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ കുറവ് ചെയ്ത തുക) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനം നിർമ്മാണം | ഇല്ല | ഇല്ല | - | ₹10,32,281 | - | ഇല്ല |

കുറിപ്പ്: ₹10,32,281 രൂപ ബാദ്ധ്യത ഇല്ലാതിരുന്നിട്ടും വികസനഫണ്ടിൽ നിന്നും ഉത്ഭവത്തിൽ കുറവു ചെയ്തിട്ടുണ്ട്.

| തിരിച്ചടവിന്റെ വിവരം | | |
|---|---|---|
| ജി.ഒ.പ്രോജക്ട് | | തുക |
| നമ്പർ | പേര് | |
| 203/23 | ലൈഫ് വായ്പ മുതൽ തിരിച്ചടവ് - എസ്.സി.പി. | ₹3,20,844 |
| 210/23 | ലൈഫ് വായ്പ മുതൽ തിരിച്ചടവ് - എസ്.സി.പി. | ₹3,20,844 |
| 202/23 | ലൈഫ് വായ്പ മുതൽ തിരിച്ചടവ് - പൊതുവിഭാഗം | ₹1,95,296 |
| 268/23 | ലൈഫ് വായ്പ മുതൽ തിരിച്ചടവ് - പൊതുവിഭാഗം | ₹1,95,297 |
| ആകെ | | ₹10,32,281 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|---|---|
| 2021-22 | 1-26 | ₹3,372 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220102859/ 13.3.2023 | 180400301 |
| ആകെ | | ₹3,372 | | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഒന്നുമില്ല.

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്തവിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (R&P പ്രകാരം) | : | ₹3,54,04,231.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (R&P പ്രകാരം) | : | ₹3,35,28,875.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹21,74,944.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | ₹40,000 | ശ്രീ. നവീൻ രാജൻ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 1-29 | ₹1,99,928 | ശ്രീ. നവീൻ രാജൻ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 1-30 | ₹57,100<br>₹49,602 | ശ്രീമതി.എൻ.എം.ശോഭനകുമാരി, ഗ്രാമപഞ്ചായത്ത് സെക്രട്ടറി<br>ശ്രീ. നവീൻ രാജൻ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 1-31 | ₹48,795 | ശ്രീ. നവീൻ രാജൻ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 1-32 | ₹1,50,000 | ഡോ.ദിവ്യ യശോധരൻ, മെഡിക്കൽ ഓഫീസർ ആയുർവേദം |
| 1-33 | ₹4,644 | ശ്രീ.മനോജ് അഗസ്റ്റിൻ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| 1-35 | ₹50,000 | ശ്രീമതി.എൻ.എം.ശോഭനകുമാരി, ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 1-36 | ₹1,85,216<br>₹11,70,557 | ശ്രീമതി.എൻ.എം.ശോഭനകുമാരി, ഗ്രാമപഞ്ചായത്ത് സെക്രട്ടറി<br>ശ്രീ. നവീൻ രാജൻ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 1-38 | ₹2,19,102 | ശ്രീ.മനോജ് അഗസ്റ്റിൻ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| ആകെ | ₹21,74,944 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. നവീൻ രാജൻ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി | കടമക്കുടി ഗ്രാമപഞ്ചായത്ത്, സെക്രട്ടറി | 63/725 എ, ആതിര, കാട്ടുക്കര റോഡ് (W), കലൂർ 682017 |
| ശ്രീമതി.എൻ.എം.ശോഭനകുമാരി, ഗ്രാമപഞ്ചായത്ത് സെക്രട്ടറി | വിരമിച്ചു | മാഹേന്ദ്ര വിലാസ്, തിരുമൽഭാഗം. പി.ഒ., ഉറവൂർ, ചേർത്തല 688540 |
| ഡോ.ദിവ്യ യശോധരൻ, മെഡിക്കൽ ഓഫീസർ ആയുർവേദം | മെഡിക്കൽ ഓഫീസർ ആയുർവേദം കടമക്കുടി | ഗീതാഞ്ജലി, സെന്റ് ജൂഡ് റോഡ്, തേവര, കൊച്ചി 682013 |
| ശ്രീ.മനോജ് അഗസ്റ്റിൻ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. പിഴല | ചെമ്പരത്തി, തോട്ടുമുഖം പി.ഒ. കീഴ്മാട്, ആലുവ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ(പി3) 921/01 തീയതി 07-12-2001 |
| 1999-2000 | എൽ.എഫ്.ഇ(പി3) 1646/01 തീയതി 03-06-2002 |

| | |
|---|---|
| 2000-01 | എൽ.എഫ്.ഇ(പി3) 329/05 തീയതി 06-01-2006 |
| 2001-02 | എൽ.എഫ്.ഇ(പി3) 1345/03 തീയതി 05-02-2004 |
| 2005-06 | എൽ.എഫ്.ഇ(പി3) 1347/09 തീയതി. 27-05-2010 |
| 2006-07 | എൽ.എഫ്.ഇ(പി3) 1375/09 തീയതി. 12-02-2001 |
| 2007-08 | എൽ.എഫ്.ഇ(പി8) 1066/10 തീയതി 01-08-2011 |
| 2008-09 | എൽ.എഫ്.ഇ(പി8) 1067/10 തീയതി 01-08-2011 |
| 2009-10 | എൽ.എഫ്.ഇ(പി8) 996/11 തീയതി 10-04-2012 |
| 2010-11&2011-12 | എൽ.എഫ്.ഇ(പി6) 1310/13 തീയതി18-07-2013 |
| 2012-13&2013-14 | എൽ.എഫ്.ഇ(പി10) 1899/14 തീയതി. 21-01-2015 |
| 2014-15 | കെ.എസ് .എ ഇ.കെഎം(പി10) 883/216 തീ. 06.06.2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി10)2125/216 തീയതി 15.12.216 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി10) 1271/17 തീയതി 17.07.17 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(പി 10)12/19 തീ.30-01-19/07-03-19 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം.(പി 10)2099/19 തീ. 01.02.2020 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം.(പി 10)1286/21 തീ.08.12.2021 |
| 2020-21 | കെ.എസ്.എ.-ഇ.കെ.എം.(പി 10)1287/21 തീ.06.01.2022 |
| 2021-22 | കെ.എസ്.എ.-ഇ.കെ.എം.(പി 10)2288/22 തീ.06.02.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം, ജില്ലാ ഓഡിറ്റ് കാര്യാലയം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 27-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kadamakkudy Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kadamakkudy Grama Panchayat for the year 2022-2023

Date: 14/12/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Kadamakkudy Grama Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.
2. Lack of Panchayath Raj Budget rules adversely affecting budgetary control system.
3. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.
4. Non inclusion of Notes to Accounts in Financial statements and non disclosure of material facts.

**2.Other Observations**

1.The details of Deposits Rs. 12,26,336 vide B.7 Schedule of AFS are not furnished.

2.The details of Rs. 1,79,546 in the head 460100199 Other Advances vide B.18 are not furnished.

3.An Amount of Rs.4,18,35,883 arrear towards street tap rent is not included in Balance sheet.

4.An Amount of Rs.6 lakh deposited in Kerala water authority for deposit works is not included in Balance sheet.

5.The Demand Collection Balance of property tax is not reconcilled with AFS and Sanchaya.

6.An amount of Rs. 74,821 as e-tender fee is not included in the Balance Sheet as receivables.

7.The Show Tax collection amount of Rs.76000 vide RP.1 of Balance sheet is not reconcilled with the collection of Rs. 310000 shown in its register.
8. Non Inclusion of ratios in financial Statements.
9. Cash flow statements net increase / decrease in cash flow does not match with difference between opening balance of cash and cash equivalents

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്